കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# നൂറനാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി6/1169/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ :- 04772252753

ഇ-മെയിൽ:-ddhglfalpy@gmail.com
തീയതി, 20.05.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നൂറനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നൂറനാട് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ എല്ലാ ഖണ്ഡികകളിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നൂറനാട് ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ/എ.എൽ.പി-പി.6/1169/2019 തീയതി: 20.05.2020

# ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

ആലപ്പുഴ ജില്ലയിലെ നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 19.08.2018 മുതൽ 31.10.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.വി.സന്തോഷ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.11.2019 മുതൽ 16.11.2019 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ബി. ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.മനേഷ് കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.പി.അശോകൻ നായർ | 01.04.2018 മുതൽ 31.03.2019വരെ |

**സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി മധുകുമാരി. വി.പി | 2018-19 |
| വികസനകാര്യം | ശ്രീ.എ.എം. നരേന്ദ്രൻ | 2018-19 |
| ക്ഷേമകാര്യം | ശ്രീമതി സ്വപ്ന സുരേഷ് | 2018-19 |
| ആരോഗ്യകാര്യം<br>വിദ്യാഭ്യാസം | ശ്രീ.ടി.കെ.രാജൻ | 2018-19 |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.സലിൽ.എ.സോണി | 01.04.2018 മുതൽ 20.10.2018 വരെ |
| ശ്രീ. റ്റി.ജെ.ജോൺസൺ (സെക്രട്ടറി ഇൻചാർജ്) | 21.10.2018 |
| ശ്രീ.എ.ഷിഹാബുദീൻ | 22.10.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി എസ്. കവിത | 01.04.2018 മുതൽ 18.07.2018 വരെ |
| | ശ്രീമതി സിജിസൂസൻ ജോർജ്ജ് | 19.07.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഡാനിയേൽ കോശി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ദിവ്യ.വി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ. സിമി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി പത്മാക്ഷി.സി | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ഷംല.എം.എസ്. | 01.04.2018 മുതൽ 15.06.2018 (FN) വരെ |
| | ശ്രീമതി ശാന്തി | 15.06.2018 (AN)മുതൽ 18.06.2018 വരെ |
| | | |

| | | |
|---|---|---|
| | ശ്രീ.ശ്രീജിത്ത് | 19.06.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഷഫീക്ക്.എം.ടി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. രഞ്ജീഷ് രാജ്. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കെ.ശിവദാസൻ | 01.04.2018 മുതൽ 30.08.2018 വരെ |
| | ശ്രീ. പ്രദീപ് (അക്കൌണ്ടന്റ് ഇൻചാർജ്ജ്) | 31.08.2018 മുതൽ 13.10.2018 വരെ |
| | ശ്രീ.റ്റി.ജെ.ജോൺസൺ | 15.10.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി റിഷി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം സമാഹരിച്ചത്) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 13 | 1-13 | വാടക-നടപടിക്രമങ്ങൾ വൈകുന്നു-കുടിശ്ശിക ഈടാക്കുന്നതിലും കാര്യക്ഷമത പുലർത്തുന്നില്ല |
| 14 | 1-14 | വാടകക്കാരുമായി നിയമാനുസൃതം കരാർ രേഖകളിൽ ഏർപ്പെടുന്നില്ല |
| 15 | 1-15 | തൊഴിൽ നികുതി - വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 16 | 1-16 | പെർമിറ്റ് ദീർഘിപ്പിയ്ക്കാതെ മൊബൈൽ ടവർ നിർമ്മാണം |
| 17 | 1-17 | ടെണ്ടർ ഫീസിനത്തിലുള്ള 1.92 ലക്ഷം രൂപ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല |
| 18 | 1-18 | അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച – സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 1.12 കോടി ലാപ്സായി |
| | | |

| | | |
|---|---|---|
| 19 | 1-19 | കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്ന് നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല – 101568/- രൂപയുടെ അധിക ചെലവ് |
| 20 | 1-20 | ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തിയിൽ അധിക ചെലവ് - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 9713/- രൂപ തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട് |
| 21 | 1-21 | എഗ്രിമെന്റ് ചമച്ച് കരാറുകാരൻ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനുശേഷവും ആരംഭിച്ചിട്ടില്ല |
| 22 | 1-22 | തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായുള്ള രേഖകളുടെ പരിപാലനത്തിൽ ശ്രദ്ധേയമായ അപാകതകൾ |
| 23 | 1-23 | തൊഴിലുറപ്പ് പദ്ധതി - ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് - 30,403/-രൂപയുടെ അധികച്ചെലവ് |
| 24 | 1-24 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള 5.8 ലക്ഷം രൂപയുടെ നീക്കിയിരിപ്പ് നിർവ്വഹണ ഏജൻസി മടക്കി നൽകിയിട്ടില്ല |
| 25 | 1-25 | കുടിവെള്ള പദ്ധതികൾക്കായി 23,30,000/- രൂപ നിർവ്വഹണ ഏജൻസിക്ക് മുൻകൂറായി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 26 | 1-26 | പദ്ധതി ആസൂത്രണത്തിൽ പാളിച്ച, വാങ്ങിയ ആയുർവ്വേദ മരുന്നുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു |
| 27 | 1-27 | സ്ട്രീറ്റ് മെയിൻ നീട്ടൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 28 | 1-28 | പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനുള്ള മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല |
| 29 | 1-29 | തെരുവ് വിളക്ക് പരിപാലനം -അപാകത സംബന്ധിച്ച് |
| 30 | 1-30 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല |
| 31 | 1-31 | പഞ്ചായത്ത്- മേയ് 3,4 തീയതികളിൽ നടത്തിയ ജാഗ്രതോൽസവം- പരിശീലനചെലവിനായി ലഭിച്ച തുക റീക്കൂപ്പ് ചെയ്തതിന്റെ രേഖകളില്ല |
| 32 | 1-32 | തൊഴിൽ രഹിത വേതനം -എല്ലാ ചെലവുകളും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 33 | 1-33 | ഗുണഭോക്തൃ ലിസ്റ്റ് ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല |
| 34 | 1-34 | ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കുന്നതിലുള്ള അപാകതകൾ |
| 35 | 1-35 | മതിയായ പുസ്തകങ്ങൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകാത്തതിനാൽ ശരിയായ ദിശയിൽ ഗ്രന്ഥശാലയുടെ പ്രവർത്തനം നടക്കുന്നില്ല |
| 36 | 1-36 | ലൈഫ് പദ്ധതി - അവലോകനം |
| ഭാഗം – 2 | | |
| 37 | 2-1 | വാടക-നടപടിക്രമങ്ങൾ വൈകുന്നു-കുടിശ്ശിക ഈടാക്കുന്നതിലും കാര്യക്ഷമത പുലർത്തുന്നില്ല |
| ഭാഗം – 3 | | |
| 38 | 3-1 | തൊഴിലുറപ്പ് പദ്ധതി - ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് - 30,403/-രൂപയുടെ അധികച്ചെലവ് |
| ഭാഗം – 4 | | |
| 39 | 4-1 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടു വിവരം |

| | | |
|---|---|---|
| 40 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 41 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 42 | 4-4 | വായ്പാ/വായ്പാ തിരിച്ചടവ് |
| 43 | 4-5 | സ്ഥിരനിക്ഷേപം- |
| 44 | 4-6 | ഓഡിറ്റ് റിക്കവറി |
| 45 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 46 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 47 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 48 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 49 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 50 | അനുബന്ധം.2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 സാമ്പത്തികവർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|
| 243348089 | 242181400 | 1166689 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./നൽകിയ തീയതി |
|---|---|---|
| 2018- | 30.05.2019 മുതൽ 31.05.2019 വരെ | കെ.എസ്.എ-എ.എൽ.പി-പി6-582/19/29.06.2019 |

| | | |
|---|---|---|
| 19 | | |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18721460 |
| വരവ് | 86185845 |
| ആകെ | 104907305 |
| ചെലവ് | 81902021 |
| നീക്കിയിരുപ്പ് | 23005284 |

# 1-5 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം സമാഹരിച്ചത്)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | -- | 15882778 | 15882778 | 15815322 | 67456 |
| വികസനഫണ്ട് (എസ്.സി.പി.) | -- | 11190000 | 11190000 | 8999704 | 2190296 |
| വികസനഫണ്ട് (റ്റി.എസ്.പി) | | 98000 | 98000 | -- | 98000 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | | 11517000 | 11517000 | 6473697 | 5043303 |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | | 3789000 | 3789000 | 3170245 | 618755 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ് ഗ്രാന്റ്) | 6380665 | 9914164 | 16294829 | 12309827 | 3985002 |
| സാക്ഷരത | 9343 | 0 | 9343 | 0 | 9343 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 7572000 | 7572000 | 4263200 | 3308800 |
| എം.എൻ.ആർ. ഇ.ജി.എസ് | | 62699000 | 62699000 | 62699000 | 0 |
| ബി.ഫണ്ട് | | 153720 | 153720 | 153720 | 0 |
| ടോട്ടൽ സാനിട്ടേഷൻ | 1605224 | 1477826 | 3083050 | 0 | 3083050 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് (ശതമാനം) |
|---|---|---|---|---|---|---|
| 138 | 111490514 | 54 | 62224090 | 23 | 61 | 39.13 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ (including material) | 2575 | 5,93,992 | 5,96,567 | 591406 (തനത് ഫണ്ടിൽ നിന്നുള്ള ചെലവ് ഒഴികെ) | 5161 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 62115000 | 62115000 | 62115000 | 0 |
| **ആകെ** | **2575** | **62705000** | **62717876** | **63078274** | |

# 1-8 ക്ഷേമപദ്ധതികൾ

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 60,17,000 | 489 |
| വാർദ്ധക്യ കാല പെൻഷൻ | 2,63,77,500 | 2303 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 30,000 | 1 |
| വികലാംഗ പെൻഷൻ | 3,917200 | 312 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 8,91,800 | 76 |
| വിധവാ പെൻഷൻ | 1,31,40,700 | 1160 |
| തൊഴിൽരഹിത വേതനം | 123720 | 37 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-19 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,691/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തുന്ന പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതിയും ഫലപ്രാപ്തിയും കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലെ വീഴ്ച മൂലം തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റിൽ നിന്നും വലിയ തുക ലാപ്സാവാൻ ഇടയായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പദ്ധതി പണം ചെലവഴിച്ചിട്ടും കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം മൂലം ആയതിന്റെ ഫലപ്രാപ്തി പൊതുജനങ്ങൾക്ക് ലഭിക്കാതെ പോയിട്ടുണ്ട് (ഉദാ-:ആയുർവേദ ഡോക്ടർ നടപ്പാക്കിയ പ്രവൃത്തികൾ, ഡെപ്പോസിറ്റ് പ്രവൃത്തികൾ).
2. കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിശദാംശങ്ങൾ അടങ്ങിയ പേഴ്സണൽ രജിസ്റ്റർ സെക്ഷനുകളിൽ മാന്വലായി തയ്യാറാക്കപ്പെടുകയോ ആയത് മേൽ പരിശോധന നടത്തുകയോ ചെയ്യിട്ടില്ല. ഫയൽ ട്രാക്കിംഗിനായുള്ള സൂചിക സോഫ്റ്റ്‌വെയർ പഞ്ചായത്തിൽ നിലവിലുണ്ടെങ്കിലും കൈകാര്യം ചെയ്യുന്ന തപാലുകളുടെ വിവരം കാലികമാക്ക പ്പെടാത്തതുമൂലം ഓരോ സെക്ഷനുകളിലും തീർപ്പാക്കാൻ വൻ കുടിശ്ശികയുള്ളതായാണ് പ്രസ്തുത സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ യഥാസമയം നടപ്പാക്കുന്നുണ്ടോ എന്നത് നിരീക്ഷിക്കുന്ന തിലേക്കായി ഒരു വാച്ച് റജിസ്റ്റർ പരിപാലിക്കുന്നില്ല. തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതായി മിനുട്സിലും രേഖയില്ല.
4. പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പൊതുജനത്തിന് മതിയായ സൌകര്യം ഒരുക്കുവാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് സമയത്തും (11/19) പഞ്ചായത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിച്ചിട്ടില്ല.
5. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയും, സാക്ഷ്യപ്പെടുത്തൽ വരുത്തിയും സൂക്ഷിച്ചിട്ടില്ല.
6. തൻവർഷം ലഭിച്ചതും, തിരികെ നൽകിയതുമായ ഡെപ്പോസിറ്റുകളുടെ വിശദാംശങ്ങൾ എഴുതി ഡെപ്പോസിറ്റ് റജിസ്റ്റർ പരിപാലിച്ചിട്ടില്ല.
7. ജീവനക്കാർക്കും, നിർവ്വഹണ ഉദ്യോഗസ്ഥർക്കും, നിർവ്വഹണ ഏജൻസികൾക്കും നൽകിയ മുൻകൂറുകളുടെയും അവയുടെ വിനിയോഗത്തിന്റെയും തിരിച്ചടവിന്റെയും വിശദാംശങ്ങളും ഉൾക്കൊള്ളുന്ന മുൻകൂർ രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കോള്ളേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിശദാംശങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.10.2019 | 01.09.2019– 30.09.2019 | 05.11.2019 |
| അക്കൌണ്ട് ജനറലിന്റെ ഓഡിറ്റ് | 19.09.2011 | 2008-09 - 2010-11 | 01.03.2012 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ 29.06.2019 – ലെ കെ.എസ്.എ-എ.എൽ.പി/പി.6-582/2019 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. ടി അപാകതകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൂടാതെ വാർഷിക ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2018-19 വർഷം പഞ്ചായത്തിന് അനുവദിച്ച വികസനഫണ്ട് (ജനറൽ) ജനറൽ പർപ്പസ് ഗ്രാന്റ് എന്നീ ഗ്രാന്റിനങ്ങളുടെ സ്രോതസ്സിൽ താഴെപ്പറയുന്ന കുടിശ്ശിക ഇനങ്ങളിൽ 4308172/- രൂപ 2018-19 സാമ്പത്തികവർഷം കുറവ് ചെയ്തിരുന്നു.

| ഇനം | ഈടാക്കിയ തുക | ഫണ്ട് |
|---|---|---|
| വെള്ളക്കരം | 1939968 | വികസനഫണ്ട് |
| വെള്ളക്കരം | 775986 | ജനറൽ പർപ്പസ് ഗ്രാന്റ് |
| അംഗൻവാടി ജീവനക്കാരുടെ അധിക വേതനം | 957000 | വികസനഫണ്ട് |
| | 635100 | |
| കെ.എസ്.ഇ.ബി. കുടിശ്ശിക | 118 | വികസനഫണ്ട് |

വെള്ളക്കര കുടിശ്ശിക ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയതതിൽ 18,85,610 രൂപ 16.02.19 ൽ മടക്കി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| വെള്ളക്കരം | 376747 | ജനറൽ പർപ്പസ് ഗ്രാന്റ് |
| | 1508864 | വികസനഫണ്ട് |
| ആകെ | 1885610 | |

ഇപ്രകാരം 2422562/- രൂപ (4308172-1885610) ഗ്രാന്റുകളുടെ സ്രോതസ്സിൽ കുറവ് ചെയ്തെങ്കിലും ഏ.സി.ആർ. ലും വാർഷിക കണക്കിലും പ്രസ്തുത തുക വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

2. ലഭ്യമാക്കിയ രേഖകൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് തൻവർഷം നേരിട്ട് നൽകിട്ടുള്ള തുക 62699000/-രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ (I-6) ഇത് 62706406/- രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

# 1-13 വാടക-നടപടിക്രമങ്ങൾ വൈകുന്നു-കുടിശ്ശിക ഈടാക്കുന്നതിലും കാര്യക്ഷമത പുലർത്തുന്നില്ല

നൂറനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകളിലായി ആകെ 42 കടമുറികൾ നിലവിലുണ്ട്. കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സിൽ 14 കടമുറികളും, പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സിൽ 28 കടമുറികളുമാണ് ഉള്ളത്. ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടകയിനത്തിൽ 2017-18 സാമ്പത്തികവർഷം 62,580/- രൂപ കുടിശ്ശിക ഉണ്ടായിരുന്നതിൽ 2018-19 സാമ്പത്തിക വർഷം 39324/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ ഇപ്പോഴും 23,256/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. രജിസ്റ്റർ പ്രകാരമുള്ള തുക യഥാർത്ഥ വാടകത്തുകയിൽ നിന്നും 199/- രൂപ കുറവ് കാണിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പടനിലം ഷോപ്പിങ്ങ് കോംപ്ലക്സിലെ (വാർഡ് IV/ 584 നമ്പറിലുള്ള മുറി 4691/- രൂപ പ്രതിമാസ വാടക നിശ്ചയിച്ച് സ്വരാജ്, വേണാട് ഭവൻ, പടനിലം എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ ഇതുസംബന്ധമായി കരാർ ചമച്ചതിന് രേഖയില്ല. വാടകക്കാരിൽ നിന്നും 3 മാസത്തെ വാടക മുൻകൂറായി വാങ്ങി മുറികൾ കൊടുക്കുന്ന നടപടിയാണ് നിലവിൽ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചുവരുന്നത്. രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ടിയാളിൽ നിന്ന് മുൻകൂറായി പണം വാങ്ങിയതായി രേഖയില്ല. വാടകയ്ക്ക് മുറികൾ നല്കുമ്പോൾ അഡ്വാൻസ് സ്വീകരിക്കാതിരുന്നത് തെറ്റായ നടപടിക്രമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഒരു വർഷം വാടകഇനത്തിൽ ടിയാൾ നല്കേണ്ടത് 56292/-രൂപയാണ്. എന്നാൽ വാടക ഒന്നും അടയ്ക്കാതിരുന്നതിനാൽ ടിയാൾക്ക് ഗ്രാമപഞ്ചായത്ത് 03.02.2018 - ൽ നല്കിയ നമ്പർ സി-6-509/18 നമ്പർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 05.04.2018 ൽ രസീത് നമ്പർ 118020100121/18 പ്രകാരം 17169/- (2017 ഏപ്രിൽ മുതൽ ജൂൺ വരെയുള്ളത്) രൂപയും 05.06.2018 - ൽ രസീത് നമ്പർ 118020101457/18 പ്രകാരം 22905/- (2017ജൂലായ് മുതൽ ഒക്ടോബർ വരെയുള്ളത്) രൂപയും പിഴ പലിശയുൾപ്പടെ അടച്ചു. 2017നവംബർ മുതൽ 2018മാർച്ച് വരെയുള്ള മാസങ്ങളിലെ വാടക തുകയായ 23,455/- രൂപയും പിഴപ്പലിശയും ഇനിയും ഒടുക്കാനുണ്ട്. വരവിനത്തിൽ ലഭ്യമാകേണ്ട 23,455/- രൂപ പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

പടനിലം ഷോപ്പിംഗ് കോംപ്ലക്സിലെ (വാർഡ് IV/584 നമ്പറിലുള്ള മുറിയുടെ 2018-19വർഷത്തേക്കുള്ള പുനർലേലം നടത്തിയത് 2018 ജൂലായ് മാസത്തിലാണ്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ലേല,വാടക നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അധികൃതർ നടപടി സ്വീകരിച്ചില്ല എന്നതിനാലാണ് കാലതാമസം ഉണ്ടാവാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാടകനഷ്ടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 1-14 വാടകക്കാരുമായി നിയമാനുസൃതം കരാർ വയ്ക്കുന്നില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ 42 കടമുറികളാണ് 2018-19 ൽ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇതിൽ 5 വാടകക്കാരുമായി സ്ഥാപനം കരാറിൽ ഏർപ്പെട്ടിട്ടില്ല. മറ്റു ചിലരിൽ നിന്നും വെറും മുദ്രപത്രം വാങ്ങി പേരെഴുതി സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര്, മേൽവിലാസം | കടമുറി നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | കരുണാകരൻപിള്ള, ചിത്തിരലായം, കിടങ്ങയം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് IV/595 | കരാർപത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 2 | സുധീന്ദ്രൻകിഴക്കേടത്ത്, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിംഗ് കോംപ്ലക്സ് 3-ാം നമ്പർ മുറി | കരാർപത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 3 | രാമകൃഷ്ണൻ, കേലായിൽ, നെടുംകുളഞ്ഞി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/586 | കരാർ വെച്ചിട്ടില്ല |
| 4 | ഷാജി.എസ്.ബി, ആർഷ ഭവനം പാലമേൽ | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/587 | കരാർപത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 5 | കവിരാജൻ, സോണിയ മന്ദിരം, പുലിമേൽ | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/588 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 6 | അജയകുമാർ, കൊക്കാട്ടുകിഴക്കേതിൽ, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/589 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |

| | | | |
|---|---|---|---|
| 7 | ബിനുകൃഷ്ണ, നല്ലതറയിൽ, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/590 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 8 | ബാലകൃഷ്ണപിള്ള, വല്ല്യത്ത്, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/591 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 9 | പ്രസന്നൻ, കുറ്റിയിൽവടക്കേതിൽ, കിടങ്ങയം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/592 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 10 | അശോകൻ, ശ്രീലക്ഷ്മി, പഴഞ്ഞിക്കോണം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/593 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 11 | മോഹനൻ, രേവതി, ചുനക്കരനടുവിൽ | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/594 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 12 | ബിജു.വി. മേമിനേത്ത് വടക്കേതിൽ നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/596 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 13 | ഉണ്ണികൃഷ്ണപിള്ള, കാരിക്കുഴി കിഴക്കതിൽ, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/595 | കരാർ വെച്ചിട്ടില്ല. |
| 14 | ജയകൃഷ്ണൻ, പുത്തൻപുരയ്ക്കൽ, പാലമേൽ | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/597 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 15 | മണിയൻ പിള്ള, മംഗലശ്ശേരിൽ, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/537 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 16 | ജി.രാമചന്ദ്രൻ, മേമിനേത്ത് കിഴക്കേതിൽ, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/2 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 17 | ശ്രീനിവാസൻ, കൊച്ചുതറയിൽ, തത്തംമുന്ന | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/3 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 18 | കൃഷ്ണൻകുട്ടി, കൃഷ്ണകൃപ, പടനിലം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/4 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 19 | വിജയനുണ്ണിത്താൻ, വിജയഭവനം, കിടങ്ങയം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/6 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 20 | കമലാക്ഷി, കുമ്പഴകിഴക്കേതിൽ, നടുവിലേമുറി | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/7 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 21 | എൻ.ജനാർദ്ദനൻ, പ്രസന്നഭവനം,കിടങ്ങയം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/9 | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 22 | ദിവാകരൻ, രോഹിണിസദനം, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിങ്ങ് സെന്റർ 3-ാം നമ്പർ മുറി | കരാർ പത്രങ്ങളിൽ രേഖപ്പെടുത്തലുകൾ ഇല്ല |
| 23 | അജയ കുമാർ, ഉഷസ്സ്, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിങ്ങ് സെന്റർ 4-ാം നമ്പർ മുറി | കരാർ വെച്ചിട്ടില്ല |
| 24 | പ്രകാശ്, അയിരൂർതറയിൽ, പാറ്റൂർ | കുതിരകെട്ടുംതടം ഷോപ്പിങ്ങ് സെന്റർ 6-ാം നമ്പർ മുറി | കരാർ വെച്ചിട്ടില്ല |
| 25 | പ്രകാശ്, നമ്പ്യാർ കുളങ്ങര | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് | കരാർ പത്രങ്ങളിൽ |

| | | | |
|---|---|---|---|
| | വടക്കതിൽ, നടുവിലേമുറി | കടമുറി IV/556 | രേഖപ്പെടുത്തലുകൾ ഇല്ല |
| 26 | ഉത്തമൻ.പി.ബി., പനയ്ക്കൽ, പുതുപ്പള്ളിക്കുന്നം | പടനിലം ഷോപ്പിംഗ് കോംപ്ലക്സ് കടമുറി IV/585 | കരാർ വെച്ചിട്ടില്ല |

പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ എച്ച് 1-13880/06 നം. സർക്കുലറിൽ, പഞ്ചായത്ത് ആസ്തികൾ സംബന്ധമായി കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതുപ്രകാരം വിശദമായും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-15 തൊഴിൽ നികുതി - വ്യാപാര സ്ഥാപനങ്ങളിലേയും ഷോപ്പുകളിലേയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. കേരള സംസ്ഥാന തൊഴിൽ വകുപ്പ് പ്രസിദ്ധീകരിച്ച മിനിമം വേതന നിരക്ക് പ്രകാരം ഓഡിറ്റ് വർഷം വ്യാപാര സ്ഥാപനങ്ങളിലെയും ഷോപ്പുകളിലെയും ഏറ്റവും താഴെയുള്ള ഗ്രേഡ് -ഇ ജീവനക്കാരന്റെ മിനിമം വേതനം പ്രതിമാസം 8280/-രൂപയായിരുന്നു. ആയത് പ്രകാരം ഒരു ജീവനക്കാരന്റെ അർദ്ധ വാർഷിക വരുമാനം (8280x6) (മറ്റ് നിയമാനുസൃത ആനുകൂല്യങ്ങളൊന്നും പരിഗണിക്കാതെ) 49680 രൂപയാണ്. ഇതുപ്രകാരം ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി 450/- രൂപ. ലൈസൻസ് അപേക്ഷ പരിശോധിക്കുമ്പോൾ 2-ൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന കച്ചവട സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഇത് മൂലം പഞ്ചായത്തിലെ തനത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നു. അപാകത പരിഹരിച്ച് തനത് വരുമാനം വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# 1-16 പെർമിറ്റ് ദീർഘിപ്പിയ്ക്കാതെ മൊബൈൽ ടവർ നിർമ്മാണം

ജിയോ മൊബൈൽ ടവറിന്റെ നിർമ്മാണത്തിനായി C3-2096/17.04.2018 നമ്പരായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നൂറനാട് വില്ലേജിൽ സർവ്വേ നമ്പർ 27/6/2 വസ്തുവിൽ 21.6 $m^2$ വിസ്തീർണ്ണത്തിൽ ടവർ പണിയുവാൻ അനുമതി നല്കിയിരുന്നു. 20.05.2019 ൽ പെർമിറ്റ് കാലാവധി അവസാനിച്ചുവെങ്കിലും പെർമിറ്റ് ദീർഘിപ്പിച്ചു നല്കുവാൻ അപേക്ഷ സമർപ്പിക്കുകയോ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/06.11.2019 ന് ഉള്ള മറുപടിയിൽ പെർമിറ്റ് കാലാവധി കഴിഞ്ഞതിനാൽ മൊബൈൽ ടവർ നിർമ്മാണം ക്രമവല്ക്കരിയ്ക്കുന്നതിന് 06.07.2019, 02.08.2019 തീയതികളിൽ അവർക്ക് കത്ത് നല്കിയെങ്കിലും ഇതുവരേയും നടപടി സ്വീകരിച്ചില്ല എന്നും രേഖകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിൽ ഇനിയും വീഴ്ച വരുത്തിയാൽ അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിയ്ക്കുമെന്നും അറിയിച്ചു.

മൊബൈൽ ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പക്ഷം യഥാസമയം നികുതി നിർണ്ണയം നടത്താതിരുന്നതു മൂലം കെട്ടിട നികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിയ്ക്കുന്നുണ്ട്. ആകയാൽ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-17 ടെണ്ടർ ഫീസിനത്തിലുള്ള 1.92 ലക്ഷം രൂപ പഞ്ചായത്തിന് മടക്കി ലഭിച്ചിട്ടില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ കരാറുകാരിൽ നിന്നും ഈടാക്കിയ തുക ഓൺലൈനായി എൽ.എസ്.ജി.ഡി, എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഒടുക്കുവരുത്തിയിരുന്നു. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം 2015-16 മുതൽ 2018-19 വരെ വർഷങ്ങളിലായി ഈ ഇനത്തിൽ 1,91,623/-രൂപ പ്രസ്തുത അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്ന ഈ തുക നാളിതുവരേക്കും തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ എണ്ണം | ടെണ്ടർ ഫീസിനത്തിൽ ഒടുക്കിയ തുക | തിരികെ ലഭിക്കുവാനുള്ള തുക |
|---|---|---|---|
| 2015-16 | 3 | 7245 | 7245 |
| 2016-17 | 110 | 112130 | 112130 |
| 2017-18 | 15 | 24076 | 24076 |
| 2018-19 | 33 | 48172 | 48172 |
| | ആകെ | | 191623 |

ടെണ്ടർ ഫീസിനത്തിൽ പഞ്ചായത്തിന് അർഹമായ ഈ തുക തിരികെ ലഭിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-18 അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച – സർക്കാർ ഗ്രാന്റിനത്തിൽ ലഭിച്ച 1.12 കോടി ലാപ്സായി

പദ്ധതികൾ കൃത്യമായി ആസൂത്രണം ചെയ്യുന്നതിലും, അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും വന്ന വീഴ്ച മൂലം പഞ്ചായത്തിന് 2018-19 വർഷം വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാർ അനുവദിച്ചതിൽ 1,12,28,610/- രൂപ ലാപ്സായി (ഇതിൽ ക്യുബില്ലായ 18,09,388/- രൂപയും ഉൾപ്പെടുന്നു). തൻവർഷം അനുമതി ലഭിച്ച 138 പ്രോജക്ടുകളിൽ 54 എണ്ണം പൂർത്തീകരിച്ചതായും, 23 എണ്ണം ഭാഗികമായി നടപ്പാക്കിയെന്നുമാണ് രേഖ. ശേഷിച്ച 61 പദ്ധതികൾ നടപ്പാക്കാതിരുന്നതു മൂലം അതിലേക്ക് തൻവർഷം തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികൾക്കായി 11,14,90,514/-രൂപ വകയിരുത്തിയിരുന്നുവെങ്കിലും 6,22,24,090/- രൂപ മാത്രമേ വിനിയോഗിച്ചിട്ടുള്ളൂ (55.82%). ഇതിൽ ഉത്പാദന മേഖലയിൽ 69,43,842/-രൂപയും (36.4%), പശ്ചാത്തമേഖലയിൽ 98,40,315/- രൂപയും (41.6%), സേവനമേഖലയിൽ 4,54,39,933/- രൂപയുമാണ് (66%) ചെലവ്. പഞ്ചായത്തിൽ ആകെയുള്ള 10 നിർവ്വഹണ ഉദ്യോഗസ്ഥരിൽ 4 പേർക്ക് 55 ശതമാനത്തിൽ താഴെ മാത്രമാണ് തൻവർഷത്തെ പദ്ധതി ചെലവ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|---|
| 1 | സെക്രട്ടറി | 1,09,77,482 | 59,26,999 | 53.99 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 33,41,984 | 15,54,936 | 46.5 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 2,96,03,877 | 1,11,04,667 | 37.5 |
| 4 | വെറ്ററിനറി സർജ്ജൻ | 20,59,990 | 7,24,990 | 35.2 |

വിവിധ ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് 2018-19 വർഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അലോട്ട്മെന്റ് | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|---|
| 1 | വികസന ഫണ്ട് | 15882778 | 15815322 | 67456 |
| 2 | എസ്.സി.പി | 11190000 | 8999704 | 2190296 |
| 3 | ടി.എസ്.പി | 98000 | 0 | 98000 |
| 4 | സി.എഫ്.സി | 7572000 | 4263200 | 3308800 |
| 5 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 11517000 | 6473697 | 5043303 |
| 6 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3789000 | 3170245 | 618755 |
| ആകെ | | | | 1,13,26,610 |

പദ്ധതി ആസൂത്രണത്തിലും സമയബന്ധിതമായുള്ള നിർവ്വഹണത്തിലും പുലർത്തേണ്ട ഏകോപനത്തിലും മേൽനോട്ടത്തിലും വന്ന കാര്യനിർവ്വഹണോദ്യോഗസ്ഥരുടെ വീഴ്ചയാണ് ഇത് വ്യക്തമാക്കുന്നത്. ജനോപകാരപ്രദമായ പദ്ധതികൾക്കായി വിനിയോഗിക്കാമായിരുന്ന തുകയാണ് ഇപ്രകാരം ലാപ്സായതെന്നതിനാൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പദ്ധതികളുടെ ആസൂത്രണത്തിലും അവയുടെ സമയബന്ധിതമായ നിർവ്വഹണത്തിലും ഫലപ്രദമായ ഇടപെടൽ നടത്തി പദ്ധതി തുക ലാപ്സാകുന്നത് ഒഴിവാക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

# 1-19 കരാർ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്ന് നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല – 101568/- രൂപയുടെ അധിക ചെലവ്

പഞ്ചായത്തിൽ 2017-2018, 2018-2019 വർഷങ്ങളിലായി നടപ്പാക്കിയതും കരാറുകാരുടെ വീഴ്ച മൂലം സമയബന്ധതമായി പൂർത്തീകരിക്കാതിരുന്നതുമായ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയിട്ടില്ല. 2012 - ലെ പുതുക്കിയ PWD മാന്വൽ പ്രകാരം (GO(P)

13/2012/PWD/1-02-2012) കരാർ ഉടമ്പടിയനുസരിച്ചുള്ള നിശ്ചിത തീയതിക്കകം തന്നെ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലെന്ന് ബോധ്യമുള്ള പക്ഷം പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരണ തീയതി ദീർഘിപ്പിച്ച് ലഭിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിക്കേണ്ടതും, അതിൻമേൽ എഞ്ചിനീയറുടെ ശുപാർശയോടെ പൂർത്തീകരണ കാലാവധി പഞ്ചായത്ത് കമ്മിറ്റിക്ക് ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. കരാറുകാരന്റേതായ കാരണങ്ങളാലുള്ള പരമാവധി ദീർഘിപ്പിക്കൽ നിലവിലുള്ള പൂർത്തീകരണ കാലാവധിയുടെ 50% ൽ നിജപ്പെടുത്തേണ്ടതും, ഒരു തവണ ദീർഘിപ്പിക്കൽ ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കുവാൻ പാടില്ലാത്തതുമാണ്. ആദ്യതവണ ദീർഘിപ്പിക്കലിന് 1 ശതമാനവും (പരമാവധി 50000/- രൂപ), തുടർന്നുള്ള ദീർഘിപ്പിക്കലിന് 2 ശതമാനവുമാണ് (പരമാവധി 1 ലക്ഷം) ഈടാക്കേണ്ട പിഴ. തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം കരാർ തുകയുടെ 0.1% ഓരോ ആഴ്ച്ചയും ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കാവുന്നതാണ്.

എന്നാൽ പഞ്ചായത്തിൽ നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ കരാറുകാർ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല. കരാറുകാരുടേതായ കാരണത്താലാണ് പ്രവൃത്തിയുടെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ചതെങ്കിലും അവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുമില്ല. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിലേക്കായി കരാറുകാരൻ നിശ്ചിത ഫാറത്തിൽ അപേക്ഷ സമർപ്പിക്കുകയോ, അസിസ്റ്റന്റ് എഞ്ചിനീയർ അയത് പരിഗണിച്ച് പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുവാൻ ശുപാർശ ചെയ്യുകയോ, പഞ്ചായത്തു കമ്മിറ്റി ഇതിന് അനുമതി നൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ ഫൈൻ ഈടാക്കുന്നതു സംബന്ധമായ വ്യവസ്ഥ കരാറുകാരൻ വച്ച എഗ്രിമെന്റിൽ വിശദമായി ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും (ക്രമ നം. 7) ഇത് മറികടന്ന് പിഴ ഈടാക്കാതിരുന്നതുവഴി ഉണ്ടായ അധിക ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**1)പവറർഹൗസ് റോഡ് റീസർഫസിംഗ് (പ്രോ. നം S0131/18)**

എസ്റ്റിമേറ്റ് - 900000/-

കരാറുകാരൻ - ശ്രീ. എൻ. യശോധരൻ

എഗ്രിമെന്റ് - 34/18-01-2018

എഗ്രിമെന്റ് പ്രകാരമുള്ള കാലയളവ് - 3 മാസം

പി. എ. സി - 898577/-

അളവു പുസ്തകം - 98/17-18

ട്രഷറി ബിൽ നം./ തീയതി - 13/31-10-2018

പ്രവൃത്തി ആരംഭിച്ച തീയതി - 18/01/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 16/07/2018

ഫൈൻ ഈടാക്കേണ്ടിയിരുന്ന കാലയളവ് -18/04/2018 മുതൽ 16/07/2018 വരെ

ഈടാക്കേണ്ടിയിരുന്ന ഫൈൻ

a) 18.04.2018 മുതൽ 02.06.2018 വരെ (3%)

= 898577 x 3%

= 26957/-

b) 03/06/2018 മുതൽ 16/07/2018 വരെ (6 ആഴ്ച്ച)

= 6 X 0.1 = 0.6%

= 898577 X 0.6 %

= 5391/-

ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ = 26957 + 5391 = 32348/-

<u>2)അംഗൻവാടികളുടെ മെയിന്റനൻസ് ( പ്രോജക്ട് നം. 137/18</u>)

എസ്റ്റിമേറ്റ് - 1475000/-

കരാറുകാരൻ - ശ്രീ. കെ. ഗോപിനാഥപിള്ള

എഗ്രിമെന്റ് - 32/17-18/18-01-2018

പി. എ. സി - 13,84,387/-

അളവു പുസ്തകം- 30/N/18-19, 76/17-18

ട്രഷറി ബിൽ നം./ തീയതി- 26/20.03.19

എഗ്രിമെന്റ് പ്രകാരമുള്ള നിർവ്വഹണ കാലയളവ് - 3 മാസം

പ്രവൃത്തി ആരംഭിച്ച തീയതി - 18/01/2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി - 05/02/2019

ഫൈൻ ഈടാക്കേണ്ടിയിരുന്ന കാലയളവ് -18/04/2018 മുതൽ 05/02/2019 വരെ

(കാലവർഷം, പ്രളയം എന്നിവ മൂലം

3മാസം പ്രവൃത്തി തടസ്സപ്പെട്ടുവെന്ന്

അസിസ്റ്റന്റ് എൻജിനീയർ രേഖാമൂലം

അറിയിച്ചിട്ടുള്ളതിനാൽ പ്രസ്തുത കാലയളവ് ഒഴികെ)

ഈടാക്കേണ്ടിയിരുന്ന ഫൈൻ:

a) 18.04.2018 മുതൽ 02.06.2018 വരെ (3%)

= 1384387x 3%

= 41532/-

b) 03/06/2018 മുതൽ 05/02/2019 വരെ (പ്രളയംമൂലം പ്രവൃത്തി നടത്താതിരുന്ന 3 മാസം ഒഴികെ)
= (32-3 x4) ആഴ്ച = 20 ആഴ്ച

= 20 x0.1 = 2 %

= 1384387 x 2 % = 27688/-

ആകെ ഈടാക്കേണ്ടിയിരുന്ന ഫൈൻ = 41532 + 27688

= 69220/-

കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കാതിരുന്നതിനുമേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം.7/6-11-17). ഫൈനൽ ബില്ലിൽ ഫൈൻ ഈടാക്കുവാൻ വിട്ടുപോയതാണെന്നും ഓഡിറ്റ് നിർദ്ദേശാനുസരണം ഫൈൻ അടവാക്കുവാൻ ആവശ്യപ്പെട്ട് കരാറുകാർക്ക് കത്ത് നൽകിയതായും, തുക അടക്കുവാൻ അവർ കാലതാമസം വരുത്തുന്ന പക്ഷം, ടിയാളുകൾ പഞ്ചായത്തിൽ സമർപ്പിച്ചിരിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ മറുപടി നൽകി. തുക ഈടാക്കിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രവൃത്തിയിൽ അധിക ചെലവ് - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് 9713/- രൂപ തിരിച്ചടച്ചു- ഓഡിറ്റ് ഇംപാക്ട്

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്തു പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ്സ് ചാർജ് അനുവദിക്കാമെന്നും ടി പ്രവൃത്തിയുടെ നികുതി ബാധ്യത ഗുണഭോക്തൃസമിതികൾക്ക് തന്നെ ആയിരിക്കുമെന്നും 29/02/16 ലെ 30/2016/ധന നം. ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. 01/07/2017 മുതൽ GST നിലവിൽ വന്നതിനാൽ ഗുണഭോക്തൃ സമിതി വർക്കുകളിൽ വാറ്റ് ഒടുക്കേണ്ടതില്ലെന്നും പ്രസ്തുത വാറ്റിനത്തിലുള്ള 5% തുക ബില്ലിൽ കുറവ് ചെയ്ത് ശേഷിച്ച തുക മാത്രം കൺവീനർക്ക് നൽകിയാൽ മതിയെന്നും 16/03/2018 ലെ DB3/9058/CE/തസ്വഭവ നം. കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-2019 വർഷം നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 7.5 % ഓവർഹെഡ്സ് ചാർജ്ജ് ഉൾപ്പെടുത്തുകയും, ഫൈനൽ ബില്ലിൽ 5% തുക (വാറ്റിനത്തിൽ ഒടുക്കേണ്ടിയിരുന്നത്) കുറവ് ചെയ്യാതെ ബിൽ തുക അനുവദിക്കുകയും വഴി കൺവീനർക്ക് താഴെപറയും പ്രകാരം അധികം തുക നൽകാൻ ഇടയായി.

പ്രവൃത്തിയുടെ പേരും പ്രോജക്റ്റ് നം:- ചെറുമുഖ LPS ഡൈനിംഗ് ഹാൾ (പ്രോ.നം:67/19)

എഗ്രിമെന്റ് നം.: 5/18-19/23-10-2018

കൺവീനർ - എച്ച്.എം, ചെറുമുഖ എൽ.പി.എസ്

അളവു പുസ്തകം- 4/N/18-19

ബിൽ നം./തീയതി- 16/07-01-2019

പ്രവൃത്തിയുടെ ആകെ മൂല്യം- 194267/-

ഓവർഹെഡ്സ് ചാരജിനത്തിൽ കുറവ് ചെയ്യേണ്ടിയിരുന്ന തുക - 194267 X 5%= 9713/-

അപാകത 6/6-11-2019-ാം നമ്പർ എൻക്വയറിയിലൂടെ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് ഈ ഇനത്തിൽ അധികം പിൻവലിച്ച 9713/- രൂപ തിരിച്ചടച്ച് രസീത് ഹാജരാക്കി. (രസീത് നം. 119020103742/ 11-11-2019). ഈ തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-21 എഗ്രിമെന്റ് ചമച്ച് കരാറുകാരൻ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞതിനുശേഷവും ആരംഭിച്ചിട്ടില്ല

എ) നൂറനാട് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം എഗ്രിമെന്റ് വച്ച് കരാറുകാരൻ ഏറ്റെടുത്ത താഴെപ്പറയുന്ന മരാമത്തു പ്രവൃത്തികൾ പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും ആരംഭിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരൻ | എഗ്രിമെന്റ് നം./ തീയതി |
|---|---|---|---|---|
| 1 | പടനിലം-പറയംകുളം റോഡ് റീസർഫസിംഗ് (പ്രോജക്ട് നം. 84/18) | 322150 | എം.ഗോപിനാഥൻ | 2/17-18 തീയതി, 22.11.17 |
| 2 | പടനിലം-അമ്മൂമ്മയ്യത്ത് റോഡ് റീസർഫസിംഗ് (പ്രോജക്ട് നം. 81/18) | 370493 | എം.ഗോപിനാഥൻ | 3/17-18 തീയതി, 22.11.17 |

പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കുന്നതിന്/പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/07.11.19) വർക്ക് ഏറ്റെടുത്ത കരാറുകാരൻ ശാരീരിക ബുദ്ധിമുട്ടുള്ളതുമൂലമാണ് പ്രവൃത്തികൾ നടത്താതിരുന്നതെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതായി നിർവ്വഹണഉദ്യോഗസ്ഥൻ അറിയിച്ചു. കൂടാതെ, 04.06.19-ൽ കൂടിയ ഗ്രാമപഞ്ചായത്തു കമ്മിറ്റി പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കുവാനും കരാർ പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടത്താത്തതിനാൽ, ഇതിലേക്കായി കരാറുകാരൻ വച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടുവാൻ തീരുമാനിച്ചതായും അറിയിച്ചു (തീരുമാനം 8-1). എന്നാൽ പഞ്ചായത്തുകമ്മിറ്റി തീരുമാന പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക ഓഡിറ്റ് സമയംവരേക്കും (11/2019) മുതൽക്കൂട്ടിയിട്ടില്ല. ആകയാൽ ഇതിലേക്കാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

ബി) 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികൾ നിർവ്വഹണ കാലയളവിനു ശേഷവും പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേരും പ്രോജക്ട് നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരൻ | എഗ്രിമെന്റ് നം./ തീയതി | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി |
|---|---|---|---|---|---|
| 1 | തുണ്ടിൽ ജം. - പുതുപ്പള്ളികുന്നം ബണ്ട് റോഡ് ടാറിംഗ് & റീ ടാറിംഗ് പ്രോജക്ട് നം. 44/19 | 580000 | എ.എസ്. ആനന്ദൻ | 21/18-19 തീയതി, 26.2.19 | 27.06.19 |
| 2 | മാത്തിൽ-എള്ളുകണ്ടം റോഡ് റീ ടാറിംഗ് സൈഡ് കോൺക്രീറ്റിഗ് | 500000 | എ.എസ്.ആനന്ദൻ | 26/18-19 തീയതി, 06.03.19 | 06.09.19 |

ഏറ്റെടുത്ത കരാറുകാരനെക്കൊണ്ട് പ്രവൃത്തികൾ എത്രയുംവേഗം പൂർത്തീകരിക്കുന്ന തിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 1-22 തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തിയുടെ നിർവ്വഹണ സംബന്ധമായുള്ള രേഖകളുടെ പരിപാലനത്തിൽ ശ്രദ്ധേയമായ അപാകതകൾ

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിനായി 2018-19 വർഷം 400 പ്രവൃത്തികൾക്ക് ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ചിരുന്നു. ഇതിൽ 308 പ്രവൃത്തികൾ ആരംഭിക്കുകയും 249 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പാക്കിയ പ്രവൃത്തികൾക്കായി വേജസ്, മെറ്റീരിയൽ കോസ്റ്റ് ഇനങ്ങളിൽ 6,21,15,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) <u>ചെയ്യാത്ത പ്രവൃത്തികളുടെ മൂല്യം അളവുപുസ്തകത്തിൽ ഉൾപ്പെടുത്തുന്നു</u>

മിക്ക പ്രവൃത്തികളുടേയും നടപ്പാക്കാത്ത ഇനങ്ങൾക്കുൾപ്പെടെ അളവുപുസ്തകത്തിൽ മൂല്യം നിർണ്ണയിക്കുകയും, നടപ്പാക്കിയ ഇനങ്ങൾക്കുള്ള തുക പാസാക്കി ശേഷിച്ച തുക നീക്കിയിരിപ്പായി ഉൾപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്രകാരം നീക്കിയിരിപ്പായി കാണിച്ചിരിക്കുന്ന തുക ഏതെല്ലാം ഇനത്തിലുള്ളവയെന്നത് അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. നടപ്പാക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള മൂല്യമുൾപ്പെടെ ചേർത്ത് ആകെ പ്രവൃത്തിമൂല്യമായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നതും, പാസ്സാക്കിയതൊഴികെ മിച്ചം കാണിച്ചിട്ടുള്ള തുക ഏതെല്ലാം ഇനങ്ങളിലേതെന്നത് വ്യക്തമാക്കാത്തതും ക്രമപ്രകാരമല്ല. ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കാമെന്നാണ് ഇതുസംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറിയും അക്രഡിറ്റഡ് എൻജിനീയറും വ്യക്തമാക്കിയിട്ടുള്ളത്.

2) <u>ഡിഡക്ഷന്റെ വിശദാംശങ്ങൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല</u>

ഓരോ പ്രവൃത്തിയുടേയും (മെറ്റീരിയൽ വർക്കുൾപ്പടെ) ആകെ മൂല്യനിർണ്ണയ തുകയിൽ നിന്നും വരുത്തേണ്ട ഡിഡക്ഷന്റെ വിശദാംശങ്ങൾ (ജി.എസ്.റ്റി. ഉൾപ്പടെ) അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല.

3) <u>പേയ്മെന്റിനു മുന്നോടിയായി ബിൽ തയ്യാറാക്കിയിട്ടില്ല</u>

പൂർത്തീകരിച്ച പ്രവൃത്തികളുടെ പേയ്മെന്റ് നടത്തുന്നതിന് മുന്നോടിയായി ബിൽ തയ്യാറാക്കി സെക്രട്ടറിയുടെ അംഗീകാരം വാങ്ങുന്നതായി രേഖയില്ല (KPW form 23). ഫയലിൽ ഒരു മൂല്യനിർണ്ണയ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നുവെങ്കിലും ഇതിൽ സെക്രട്ടറി ഉൾപ്പെടെ ആരും ഒപ്പുവച്ചിട്ടില്ല. പ്രവൃത്തികളുടെ പേയ്മെന്റുകളെല്ലാം കണ്ടിജന്റ് വൗച്ചറുകളുടെ അടിസ്ഥാനത്തിൽ വിവിധ തീയതികളിലായാണ് നടത്തുന്നതെന്നിരിക്കെ ആകെ മൂല്യനിർണ്ണയ തുകക്കനുസൃതമായി ഫൈനൽ ബിൽ തയ്യാറാക്കാത്തത് മൂലം നിയമാനുസൃത കുറവുകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല.

4) <u>മെറ്റീരിയൽ വർക്കുകളുടെ കരാറുകാരിൽ നിന്നും റ്റി.ഡി.എസ്. ഈടാക്കിയിട്ടില്ല</u>

2018-19 വർഷം നടപ്പാക്കിയ മെറ്റീരിയൽ വർക്കുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും സപ്ലൈ ചെയ്ത സാധനങ്ങളുടെ മൂല്യത്തിന്റെ 2% തുക റ്റി.ഡി.എസ്. ഇനത്തിൽ ഈടാക്കിയിട്ടില്ല. കേന്ദ്രസർക്കാരിന്റെ 13.09.2018-ലെ 50/2018/സെൻട്രൽ ടാക്സ് - നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ജി.എസ്.റ്റി. രജിസ്ട്രേഷനുള്ള കരാറുകാരിൽ നിന്നുള്ള/സ്ഥാപനങ്ങളിൽ നിന്നുള്ള വാങ്ങലുകൾ 2.5 ലക്ഷത്തിൽ അധികരിക്കുന്ന പക്ഷം 2% തുക റ്റി.ഡി.എസ്. ഇനത്തിൽ ഈടാക്കണമെന്നത് 01.10.2018 മുതലുള്ള വാങ്ങലുകൾക്ക് ബാധകമാണ്. സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും 2% തുക

റ്റി.ഡി.എസ്. ഇനത്തിൽ ഈടാക്കുവാൻ പ്രൊസീഡിംഗ്സ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഈയിനത്തിൽ തുകയൊന്നും കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | സപ്ലൈ ചെയ്ത സാധനങ്ങളുടെ മൂല്യം | റ്റി.ഡി.എസ്. ഇനത്തിനു ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|---|
| 1 | അനീഷ് രുദ്ര ഡിസ്ട്രിബ്യൂട്ടേഴ്സ് | 4 | 924438 | 18489 |
| 2 | ആനന്ദൻ അശ്വതി | 10 | 1654367 | 33087 |
| 3 | രാജൻ രാജേയം | 17 | 3778670 | 75573 |
| 4 | അനിൽ അദ്വൈതം | 5 | 1116296 | 22326 |
| 5 | ജനത ലേബർ സൊസൈറ്റി | 13 | 3482968 | 69659 |
| 6 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ സൗപർണ്ണിക | 2 | 594731 | 11895 |
| | ആകെ | | | 231029 |

കരാറുകാരിൽ നിന്നും റ്റി.ഡി.എസ്. ഇനത്തിൽ നിയമാനുസൃത തുക ഈടാക്കാതിരുന്നതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/11-11-19) ബന്ധപ്പെട്ട കരാറുകാരിൽ നിന്നും 2% തുക റ്റി.ഡി.എസ്. ഇനത്തിൽ ഒടുക്കുവരുത്തുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറിയും അക്രഡിറ്റഡ് എൻജിനീയറും മറുപടി നൽകി. തുക ഈടാക്കി ഒടുക്കുവരുത്തിയ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും, മുകളിൽ പ്രതിപാദിച്ച അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-23 തൊഴിലുറപ്പ് പദ്ധതി - ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് - 30,403/- രൂപയുടെ അധികച്ചെലവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 7-ാം വാർഡിലെ ജല സംരക്ഷണ പ്രവൃത്തികൾക്കായി 2,39,919/- രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. തട്ടുതിരിക്കൽ, ജൈവവേലി, ഇടബണ്ട്, തീറ്റപ്പുൽ കൃഷി എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ 30.04.2018-ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 12.06.2018 മുതൽ 10.07.2018 വരെ തീയതികളിലായി നടന്ന പ്രവൃത്തിക്ക് 2,37,374/-രൂപ മൂല്യനിർണ്ണയം നടത്തി 2,32,375/-രൂപ പിൻവലിച്ചിട്ടുണ്ട്.

<u>പിൻവലിച്ച തുകയുടെ വിശദാംശം</u>

| FTO നമ്പർ/തീയതി | |
|---|---|
| 88880 | 25.06.2018 |
| 88885 | |
| | |

| | |
|---|---|
| 95725 | 30.06.2018 |
| 95754 | |
| 119406 | 16.07.2018 |
| 119449 | |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇടബണ്ട് നിർമ്മാണത്തിനായുള്ള "Earth Work Excavation in ordinary rock and depositing on banks with initial lead up to 50m and lift up to 1.5m including near banking etc." എന്ന ഇനത്തിന് (Specification code: 80-22) 317.75/$m^3$ നിരക്കിൽ 162 $m^3$ -ന് 51,476/-രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തി ഇതേ അളവിൽ നിർവ്വഹിച്ചതായി കാണിച്ച് 51,476/-രൂപ പിൻവലിച്ചിട്ടും ഉണ്ട്. (അളവു പുസ്തക നം. 15/18-19/പേജ് 21). എന്നാൽ പഞ്ചായത്തിന്റെ മറ്റു വാർഡുകളിൽ ഇതേ കാലയളവിൽ നടപ്പാക്കിയ ഇതേയിനം പ്രവൃത്തികളിൽ ഇടബണ്ടു നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളതും, പിൻവലിച്ചിട്ടുള്ളതും 130.08/$m^3$ നിരക്കിലാണ് (specification code: 80.23).

ഉദാ: 1) ജലസംരക്ഷണ പ്രവൃത്തി വാർഡ് (1) – 160 $m^3$@130.08/$m^3$

2) ജലസംരക്ഷണ പ്രവൃത്തി വാർഡ് (15) – 2400 $m^3$@130.08/$m^3$

ഈ പ്രവൃത്തികളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും നിർവ്വഹണം നടത്തിയിട്ടുള്ളതും ഒരേ കാലയളവിലാണ്. എല്ലാ പ്രവൃത്തികൾക്കും അസിസ്റ്റന്റ് എൻജിനീയർ സാങ്കേതികാനുമതി നൽകിയിട്ടുള്ളത് 30.04.2018-ൽ ആണ്. അപ്രകാരം ഒരേ കാലയളവിൽ സാങ്കേതികാനുമതി ലഭിച്ചതും, നടപ്പാക്കിയതുമായ ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുകവഴി 30,403/-രൂപയുടെ അധികച്ചെലവാണ് ഉണ്ടായത് (162x317.75-162x130.08). ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/11.11.19) പ്രവൃത്തിയിലുണ്ടായ ഈ അപാകത ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയപ്പോൾ മാത്രമാണ് ശ്രദ്ധയിൽപെട്ടതെന്നും, എസ്റ്റിമേറ്റ് തയ്യാറാക്കിയ അക്രഡിറ്റഡ് എൻജിനീയറേയും, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എൻജിനീയറേയും ഓഡിറ്റ് എൻക്വയറിയിലെ വിവരം രേഖാമൂലം അറിയിച്ചിട്ടുള്ളതായും മറുപടി ലഭിച്ചാലുടൻ തുടർനടപടി സ്വീകരിച്ചുകൊള്ളാമെന്നും സെക്രട്ടറിയും, നിലവിലെ അക്രഡിറ്റഡ് എൻജിനീയറും മറുപടി നൽകി. അധികചെലവായ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അക്രഡിറ്റഡ് എൻജിനീയറിൽ നിന്നും, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(അക്രഡിറ്റഡ് എഞ്ചിനീയർ ജോലിയിൽ നിന്നും വിട്ടുതൽ ചെയ്തതിനാൽ ടിയാളിൽ നിന്നും ബാധ്യതാ തുക ഈടാക്കി തിരിച്ചടക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ് ).

## 1-24 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള 5.8 ലക്ഷം രൂപയുടെ നീക്കിയിരിപ്പ് നിർവ്വഹണ ഏജൻസി മടക്കി നൽകിയിട്ടില്ല

നൂറനാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടുന്നതിനായി നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 30 ലക്ഷം രൂപ 2017-2018 വർഷം വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മുൻകൂറായി നൽകിയിരുന്നു (പ്രോ. നം. 54/18). ഇതിലേക്ക് വാട്ടർ അതോറിറ്റിയുടെ പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്ത് സെക്രട്ടറിയുമായി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. (എഗ്രിമെന്റ് നം. KWA/PHA/D4/3174/17-18/13-10-17) എഗ്രിമെന്റ് പ്രകാരം 6 മാസമായിരുന്നു പ്രവൃത്തിയുടെ നിർവ്വഹണ കാലയളവെങ്കിലും 29/04/2019 ലാണ് ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുള്ളത്. (D4/3174/17-18). ഈ വിനിയോഗസാക്ഷ്യപത്ര പ്രകാരം പ്രവൃത്തിയുടെ ആകെ ചെലവ് 24,19,509/-രൂപയും നീക്കിയിരിപ്പ് 580491/- രൂപയുമാണ്. വാട്ടർ അതോറിറ്റി പഞ്ചായത്തുമായി വച്ച എഗ്രിമെന്റ്

വ്യവസ്ഥ പ്രകാരം (ക്രമ നം. 7) ഫൈനൽ ബിൽ തുക നൽകിയ തുകയിലും കുറവാണെങ്കിൽ, ബാക്കി വരുന്ന തുക അതേവർഷംതന്നെ പഞ്ചായത്തിന് തിരികെ നൽകേണ്ടതാണ്. എന്നാൽ വിനിയോഗ സാക്ഷ്യപത്രപ്രകാരം അധികം വന്നതായി കാണിച്ചിട്ടുള്ള 5,80,491/- രൂപ ഓഡിറ്റ് സമയം വരെ (11/2019) പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. കൂടാതെ പണി പൂർത്തിയാക്കി ഒരുമാസത്തിനുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും പഞ്ചായത്തിന് നൽകുന്നതാണെന്ന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും (ക്രമ നം. 6) പ്രസ്തുത രേഖകളും വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. ടി രേഖകൾ ആവശ്യപ്പെട്ടുകൊണ്ടും, ബാലൻസ് തുക പഞ്ചായത്തിന് തിരികെ നൽകുവാൻ നിർദ്ദേശിച്ചുകൊണ്ടും പഞ്ചായത്ത് സെക്രട്ടറി 29/04/2019 ൽ വാട്ടർ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും അവർ ഇതിനോട് പ്രതികരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ സംബന്ധമായി ഫൈനൽ ബിൽ പകർപ്പും പെർഫോർമൻസ് റിപ്പോർട്ടും വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കുവാനും ഈ ഇനത്തിൽ മിച്ചം നിൽക്കുന്ന തുക അവരിൽ നിന്ന് തിരികെ ഈടാക്കുവാനും സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-25 കുടിവെള്ള പദ്ധതികൾക്കായി 23,30,000/- രൂപ നിർവ്വഹണ ഏജൻസിക്ക് മുൻകൂറായി നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

കുടിവെള്ളക്ഷാമം രൂക്ഷമായ പഞ്ചായത്തിലെ പട്ടികജാതി കോളനികളിലും അങ്കണവാടികളിലും കുടിവെള്ള പദ്ധതിക്കായി പൈപ്പ് ലൈൻ നീട്ടലിനായി 23,30,000/- രൂപ നിർവ്വഹണ ഏജൻസിയായ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്നു. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂറായാണ് അവർക്ക് തുക നൽകിയിരുന്നതെങ്കിലും നിർവ്വഹണ കാലയളവ് കഴിഞ്ഞ് വർഷങ്ങളായിട്ടും പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും പ്രോജക്ട് നമ്പരും | നിക്ഷേപിച്ച തുക | ഡി.ഡി.നം/ബിൽ നം./ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. ക്ലാത്തറ പട്ടികജാതി കോളനി കുടിവെള്ള പദ്ധതി 94/09-10 | 1450000 | 853439/30.10.2009 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 2. കൊക്കോലി തെക്കേതിൽ കോളനി, മുകളയ്യത്ത് തേവരു വിള കോളനി, മാമ്പഴകുന്ന് വടക്കോട്ട് കോളനി, മോഴിവെട്ടത്ത് കോളനി എന്നീ നാല് പട്ടികജാതി കോളനി കളിൽ പൈപ്പ് ലൈൻ നീട്ടൽ 164/15 | 230000 | 716896/24-03-2015 | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3. അംഗൻവാടികൾക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 138/17-18 | 650000 | ബിൽ നം.06/ 06-01-2018 | പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

പദ്ധതികൾക്കാവശ്യമായ തുക മുൻകൂറായി നിർവ്വഹണ ഏജൻസിക്ക് നൽകി വർഷങ്ങൾക്ക് ശേഷവും പ്രവൃത്തി ആരംഭിക്കാതിരുന്നതിന്മേൽ/പൂർത്തീകരിക്കാതിരുന്നതിന്മേൽ വിശദീകരണമൊന്നും വാട്ടർ അതോറിറ്റി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് അടയ്ക്കുവാനുള്ള വെള്ളക്കരത്തിന് പ്രതിമാസം 2% പലിശ വാട്ടർ അതോറിറ്റി ഈടാക്കുമ്പോഴാണ് മുൻകൂറായി നിക്ഷേപിച്ച തുക വിനിയോഗിച്ച് പ്രവൃത്തി നടപ്പാക്കുകയോ, തുക തിരിച്ചടക്കാതിരിക്കുകയോ ചെയ്യുന്നത്. ആകയാൽ ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രവും അനുബന്ധ രേഖകളും ലഭ്യമാക്കാത്തപക്ഷം മുൻകൂർ തുക നിർവ്വഹണ ഏജൻസിയിൽ നിന്നും പലിശ സഹിതം ഈടാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാനും ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

# 1-26 പദ്ധതി ആസൂത്രണത്തിൽ പാളിച്ച, വാങ്ങിയ ആയുർവ്വേദ മരുന്നുകൾ വിതരണം ചെയ്യാതെ അവശേഷിയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് നം./ പേര് - | 42/19 ജീവനം- പ്രസവാനന്തര ശുശ്രൂഷയ്ക്കുള്ള പദ്ധതി |
| അടങ്കൽ | 600000 |
| ചെലവ് | 550000 |
| | 7/18-19/27.12.18 – 200000/- |
| | 8/18-19/27.12.18 – 200000/- |
| | 10/18-19/27.12.18- 150000/- |

നൂറനാട് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര പരിപാടിയായി ഉദ്ദേശിച്ച് ആസൂത്രണം ചെയ്ത പദ്ധതിയാണ് - ജീവനം : പ്രസവാനന്തര പരിചരണ പദ്ധതി. ഓരോ വാർഡിൽ നിന്നും 2 ആശാ പ്രവർത്തകർ /ആരോഗ്യ വോളണ്ടിയർമാരെ തെരഞ്ഞെടുത്ത് ആകെ 34 പേർക്ക് പരിശീലനം നല്കി ജീവനം എന്ന പേരിൽ ട്രസ്റ്റ് രൂപീകരിച്ച് അവരിലൂടെ സർവ്വേ നടത്തി ഗുണഭോക്താക്കളെ കണ്ടെത്തി പ്രസവാനന്തര പരിചരണവും ആശുപത്രി മുഖേന മരുന്നും വിതരണം ചെയ്യുവാൻ പദ്ധതി ലക്ഷ്യം വച്ചിരുന്നത്. ആകെ പദ്ധതി അടങ്കലായ 600000/- രൂപയിൽ 550000 /- രൂപ മരുന്നിനും 50000/- പരിശീലനത്തിനുമായി വകയിരുത്തി.

550000/- രൂപ വിനിയോഗിച്ച് പാട്യം സർവ്വീസ് സൊസൈറ്റിയിൽ നിന്നും മരുന്നുകൾ വാങ്ങിയതൊഴികെ പദ്ധതി പ്രവർത്തനങ്ങളൊന്നും ഓഡിറ്റ് കാലയളവ് (11/2019) വരേയും നടന്നിട്ടില്ല.

പാട്യം സർവ്വീസ് സൊസൈറ്റിയിൽ നിന്നും ഇൻവോയിസ് നമ്പർ 248/13.03.2019, 249/13.03.2019, 250/15.03.2019 എന്നിവ പ്രകാരം ലഭിച്ച 22ഇനം മരുന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മരുന്നിന്റെ പേര് | എണ്ണം | ക്രമ നം. | മരുന്നിന്റെ പേര് | എണ്ണം |
|---|---|---|---|---|---|
| 1 | അമൃതാരിഷ്ടം | 500 | 12 | ദ്രാക്ഷാദി കഷായം | 155(രജിസ്റ്ററിൽ 149) |
| 2 | അഭയാരിഷ്ടം | 500 | 13 | നാല്പാമരാദി കഷായം | 375 |
| 3 | ദശമൂലാരിഷ്ടം | 500 | 14 | ലാക്ഷാദി കേരം | 385 |
| 4 | ജീരകാരിഷ്ടം | 450 | 15 | ത്രിഫലാദി കേരം | 385 |
| 5 | പുനർനവ്വാസവം | 450 | 16 | ചെമ്പരത്യാദി കേരം | 211 |

| | | | | | |
|---|---|---|---|---|---|
| 6 | ദ്രാക്ഷാരിഷ്ടം | 350 | 17 | ധന്വന്തരം കുഴമ്പ് | 408 |
| 7 | ഇന്ദുകാന്തം | 360 | 18 | ധന്വന്തരം തൈലം | 356 |
| 8 | പുനർനവ്വാദി കഷായം | 400 | 19 | പഞ്ചജീരക ഗുഡം | 371 |
| 9 | ഗന്ധർവ്വഹസ്താദി കഷായം | 130 | 20 | ച്യവന പ്രാശം | 370 |
| 10 | അമൃതോത്തരം കഷായം | 300 | 21 | വിദാര്യാദി ലേഹ്യം | 360 |
| 11 | ധന്വന്തരം കഷായം | 400 | 22 | രാസ്നാദി ചൂർണ്ണം | 162 |

പദ്ധതിയ്ക്കാവശ്യമായ ആരോഗ്യ പ്രവർത്തകരെ തെരഞ്ഞെടുക്കുകയോ, എല്ലാ വാർഡുകളിലും വിപുലമായ പ്രചരണം നടത്തി ആശാ പ്രവർത്തകർ മുഖേന ഗുണഭോക്താക്കളെ കണ്ടെത്തുകയോ, ആയുർവ്വേദ ആശുപത്രിയിൽ പ്രസവാനന്തര പരിചരണത്തിനുള്ള മരുന്നിനായി വന്നവരെ ഉൾപ്പെടുത്തി ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഗുണഭോക്താക്കളുടെ അഭാവത്തിൽ വാങ്ങിയ മരുന്നുകൾ വിതരണം ചെയ്യപ്പെടാതെ ആയുർവ്വേദ ആശുപത്രിയിൽ സൂക്ഷിച്ചിരിയ്ക്കുന്നു.

പദ്ധതി മാർഗ്ഗ രേഖയിൽ പരാമർശിച്ചിട്ടില്ലാത്ത ഇനമായ ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലന പരിപാടി, ട്രസ്റ്റ് രജിസ്ട്രേഷൻ എന്നിവ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങുകയോ, നൂതന പ്രോജക്ട് എന്ന നിലയിൽ അംഗീകാരം നേടുകയോ ചെയ്തിട്ടില്ല. വിപുലമായ ലക്ഷ്യങ്ങളോടെ നിർവ്വഹിക്കുവാൻ ഉദ്ദേശിച്ച ഈ പദ്ധതി, അതിന്റെ ആസൂത്രണത്തിലെ പാളിച്ച മൂലം ഇതുവരേയും ആരംഭിയ്ക്കുകയോ ലക്ഷ്യം കൈവരിയ്ക്കുകയോ ചെയ്തിട്ടില്ല. മരുന്നിനായി വിനിയോഗിച്ച തുക പാഴ്ചെലവായും നിലനിൽക്കുന്നു.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം നം.3/06.11.2019 നുള്ള മറുപടിയിൽ മരുന്നിന് ഓർഡർ നല്കി ലഭിക്കുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാൽ ഇക്കാലയളവിനുള്ളിൽ ട്രെയിനിംങ്ങും സർവ്വേയും പൂർത്തീകരിയ്ക്കാം എന്ന വിശ്വാസത്തിലാണ് മരുന്ന് വാങ്ങാൻ തീരുമാനിച്ചതെന്നും പഞ്ചായത്തിൽ നിന്നും പരിശീലനം നൽകേണ്ട വോളണ്ടിയർമാരെ കണ്ടെത്തി നൽകാതിരുന്നതിനാൽ തുടർ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ല എന്നും ആയുർവ്വേദ മെഡിക്കൽ ഓഫീസർ അറിയിച്ചു.

പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയോ വാങ്ങിയ മരുന്നുകൾ വിതരണം നടത്തുകയോ ചെയ്തിട്ടില്ലാത്തതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 5,50,000/- രൂപ തടസ്സപ്പെടുത്തുന്നു. അർഹരായ ഗുണഭോക്താക്കളെ അടിയന്തിരമായി കണ്ടെത്തി പദ്ധതി ഫലപ്രദമായി നടപ്പാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-27 സ്ട്രീറ്റ് മെയിൻ നീട്ടൽ - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 139/19 |
| പ്രോജക്ടിന്റെ പേര് | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിൻ നീട്ടൽ |
| നിർവഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ നൂറനാട്, ചാരുംമൂട്, പന്തളം എന്നീ കെ.എസ്.ഇ.ബി.കളുടെ പരിധിയിലുള്ള പ്രദേശങ്ങളിൽ സ്ട്രീറ്റ് മെയിനുകൾ നീട്ടുന്നതിനായി രൂപീകരിച്ച പ്രോജക്ടാണിത്. ഈ പ്രോജക്ട് പ്രകാരമുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവ് തുക | ട്രഷറി ബിൽ നം. | റിമാർക്സ് |
|---|---|---|
| 1122888 | 21/18-19/16-01-19 | നൂറനാട് കെ.എസ്.ഇ.ബി പരിധിയിലുള്ള പ്രദേശങ്ങളിൽ 9516 മീറ്റർ ലൈൻ നീട്ടുന്നതിനായി |
| 359900 | 22/18-19/23-01-19 | ചാരുംമൂട് കെ.എസ്.ഇ.ബി പരിധിയിലുള്ള പ്രദേശങ്ങളിൽ 3050 മീറ്റർ ലൈൻ നീട്ടുന്നതിനായി |

മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് . ചെലവ് തുക 1482788/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 1-28 പാലിയേറ്റീവ് കെയർ പ്രവർത്തനത്തിനുള്ള മരുന്നുകളും അനുബന്ധ ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം./ പേര് : 40/പാലിയേറ്റീവ് കെയർ പ്രവർത്തനം

അടങ്കൽ : 730000

ചെലവ് : 700487

ബിൽ നം.11/18-19/27.12.18 പ്രകാരം പിൻവലിച്ച 416920/-രൂപയിൽ നിന്ന് മരുന്ന്, ഉപകരണങ്ങൾ, ഹോം കെയർ കിറ്റ് എന്നിവ വാങ്ങുന്നതിനായി 224285/- രൂപ ചുവടെ ചേർക്കുന്ന പ്രോഫോർമ ഇൻവോയിസ് പ്രകാരം കെ.എം.എസ്.സി.എൽ - ന് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ ലഭ്യത പൂർണ്ണമായിട്ടില്ല എന്ന് രേഖകൾ വ്യക്തമാക്കുന്നു.

| ഇനം | പ്രോഫോർമ ഇൻവോയിസ് നം./ തീയതി | തുക | മരുന്ന് ലഭിച്ചത് (രൂപയിൽ) | ഇനി ലഭിയ്ക്കാനുള്ളത് (രൂപയിൽ) |
|---|---|---|---|---|
| മരുന്ന് | 2909/01. 12.18 | 100000 | 78085 | 21915 |
| ഉപകരണങ്ങൾ | 2910/01. 12.18 | 49286 | 35290 | 13996 |
| ഹോം കെയർ കിറ്റ് | 2918/01. 12.18 | 74999 | 40323 | 34676 |
| ആകെ | | 224285 | 153698 | 70587 |

മരുന്നും അനുബന്ധ ഉപകരണങ്ങളും ലഭിയ്ക്കുന്നതിലെ കാലതാമസം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം. 3/06.11.19 ന് നല്കിയ മറുപടിയിൽ ബാക്കി കിട്ടാനുള്ള മരുന്നിനും ഉപകരണങ്ങൾക്കുമായി കാരുണ്യ ഫാർമസിയുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും വിഷയം ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. മരുന്നുകളും ഉപകരണങ്ങളും സമയ ബന്ധിതമായി ലഭിച്ചിട്ടില്ലാത്തതിനാൽ ഇനിയും ലഭിയ്ക്കുവാനുള്ളവയ്ക്ക് ചെലവായ 70587/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഇവയുടെ പൂർണ്ണമായ ലഭ്യത ഓഡിറ്റിൽ അറിയിക്കുന്ന മുറയ്ക്ക് തടസ്സം പുന:പരിശോധിയ്ക്കുന്നതാണ് .

## 1-29 തെരുവ് വിളക്ക് പരിപാലനം -അപാകത സംബന്ധിച്ച്

എ) <u>തെരുവ് വിളക്കിന്റെ എണ്ണം ഇനം എന്നിവ സംബന്ധിച്ച ആധികാരിക രേഖ പഞ്ചായത്തിൽ നിലവിലില്ല</u>

വൈദ്യുത ബോഡുമായി ചേർന്ന് തെരുവ് വിളക്കിന്റെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച സംയുക്ത പരിശോധന നടത്തിയിട്ടില്ല. പഞ്ചായത്ത് സ്വന്തം നിലയിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച രജിസ്റ്ററിൽ ഡബിൾ ട്യൂബ്, സിംഗിൾ ട്യൂബ് സി.എഫ്.എൽ. വിളക്കുകൾ എന്നിവ മാത്രമാണ് കാണുന്നത്. ഈ രജിസ്റ്റർ പ്രകാരം പഞ്ചായത്ത് പരിധിയിൽ മൊത്തം 1992 വിളക്കുകൾ ഉള്ളതായി കാണുന്നു. എന്നാൽ നിലവിൽ എൽ.ഇ.ഡി. ഉൾപ്പെടെയുള്ള വിളക്കുകൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും തുക ചെലവഴിക്കുന്നുണ്ട്. അതിനാൽ തെരുവ് വിളക്കിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററിന്റെ ആധികാരികത വ്യക്തമല്ല. മുൻ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും നിലവിലും ഈ ന്യൂനത നിലനില്ക്കുന്നു.

ബി) <u>വൈദ്യുത ചാർജ്ജിനത്തിൽ അടക്കുന്ന അമിത തുക ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നില്ല</u>

അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ നൂറനാട് നല്കിയിട്ടുള്ള തെരുവ് വിളക്കുകൾ സംബന്ധിച്ച കണക്ക് പ്രകാരം നിലവിൽ ഓർഡിനറി ബൾബ്, ഫ്ലൂറസെന്റ് ട്യൂബ്, സി.എഫ്.എൽ, മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം വേപ്പർ ലാമ്പ് എന്നിവകൾക്ക് കെ.എസ്.ഇ.ബി വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലുൾപ്പെടെ വിവിധ പദ്ധതികൾ വഴി ഈ വിളക്കുകൾ സി.എഫ്.എൽ, എൽ.ഇ.ഡി. എന്നിവയിലേക്ക് മാറിയിട്ടുണ്ട്. എന്നാൽ വൈദ്യുതി ചാർജ്ജിനത്തിൽ അതിനനുസൃതമായി

ലഭിക്കാവുന്ന കുറവ് ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, നൂറനാട് ഇലക്ട്രിക്കൽ സെക്ഷൻ നല്കിയ കണക്ക് പ്രകാരം നിലവിൽ പഞ്ചായത്തിൽ വൈദ്യുത ചാർജ്ജ് അടക്കുന്ന വിളക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വിളക്കിന്റെ ഇനം | വാട്ട് | എണ്ണം |
|---|---|---|
| ഓർഡിനറി ബൾബ് | 40 | 339 |
| ഓർഡിനറി ബൾബ് | 60 | 213 |
| ഫ്ലൂറസെന്റ് ട്യൂബ് | 40 | 283 |
| ഫ്ലൂറസെന്റ് ട്യൂബ് | 80(2x40) | 69 |
| സി.എഫ്.എൽ. | 11 | 351 |
| സി.എഫ്.എൽ. | 22(2x11) | 393 |
| മെർക്കുറി വേപ്പർ ലാമ്പ് | 400 | 3 |
| സോഡിയം വേപ്പർ ലാമ്പ് | 250 | 2 |
| എൽ.ഇ.ഡി. | 18 | 262 |

യഥാർത്ഥത്തിൽ ഉപയോഗത്തിലിരിക്കുന്ന വിളക്കുകളുടെ എണ്ണം, ഇനം, എന്നിവ തിട്ടപ്പെടുത്തേണ്ടതും അതിനനുസൃതമായി വൈദ്യുത ചാർജ്ജ് അടക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

**സി) <u>തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല</u>**

2016-17 വർഷം ഡെപ്പോസിറ്റ് വർക്കായി (പ്രോജക്ട് നം. -150/17 ) മീറ്റർ സ്ഥാപിക്കുന്നതിനായി 805600/- രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി.യുടെ പേരിലുള്ള നൂറനാട് എസ്.ബി.റ്റി.യിലെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഈ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ സ്ട്രീറ്റ് ലൈറ്റ് ബോക്സിന്റെ അഭാവം മൂലമാണ് പണി താമസിക്കുന്നതെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ, നൂറനാട് ഇലക്ട്രിക്കൽ സെക്ഷൻ, 16.02.18 ലെ കത്ത് നം.DB 24/AE-NRD/17-18/Panchayath പ്രകാരം അറിയിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും യഥാർത്ഥ ഉപയോഗത്തിനുള്ള വൈദ്യുത ചാർജ്ജ് അടക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

# 1-30 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ -പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. :13/19

പ്രോജക്ടിന്റെ പേര് : കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ

നിർവഹണം - സെക്രട്ടറി

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 810 മീറ്റർ പൈപ്പ് ലൈൻ നീട്ടുന്നതിനായിട്ടാണ് ഈ പ്രോജക്ട് തയ്യാറാക്കിയത്. വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 600000/- രൂപ (ട്രഷറി ബിൽ നം. 19/18-19/ 28-12-18) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ ആലപ്പുഴ പേർക്ക് നല്കിയിട്ടുണ്ട്. പൈപ്പ് ലൈൻ നീട്ടുന്നതിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | പൈപ്പ് ലൈൻ നീട്ടുന്ന ഭാഗം. | പൈപ്പ് ലൈനിന്റെ നീളം (മീറ്ററിൽ) |
|---|---|---|
| 4 | വാഴയിൽ മുതൽ സരസ് വരെ | 50 |
| 6 | തെങ്ങുവിളയിൽ മുക്കുമുതൽ വടക്കടത്തുകാവ് മുക്ക് വരെ | 120 |
| 7 | വേണ ഭവനം - അമ്പാടിയിൽ റോഡ് | 100 |
| 10 | കുന്നയ്യം -തടത്തി വിള | 50 |
| 12 | കൊട്ടക്കാട്ട് തെക്കതിൽ -പെരുമ്പ്രാൽ തറ റോഡ് | 170 |
| 16 | കുമ്പുളുമല കോളനി, പുലിമേൽ വടക്ക് | 50 |
| 17 | കാവക്കോട്ടിൽ ഭാഗം, ഇടപ്പോൺ പടിഞ്ഞാറ് | 150 |
| 11 | വാലേത്ത് ജംഗ്ഷൻ വിളയിൽ പടീറ്റതിൽ റോഡ്. | 120 |

പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ 24-12-18 - ൽ ഉണ്ടാക്കിയ കരാറിൽ തുക ലഭിച്ച് 6 മാസത്തിനകം പണി ആരംഭിച്ച് പൂർത്തിയാക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാർ വ്യവസ്ഥപാലിക്കപ്പെട്ടതായി വ്യക്തമാകുന്നില്ല. ഇതിന്റെ ഫയൽ പരിശോധിച്ചതിൽ 24-04-19ലെ നം. സി.5 -6750/18 നം.കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ പഞ്ചായത്ത് സെക്രട്ടറി കേരള വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്മേൽ തുടർ നടപടിയൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് വിശദീകരണം ചോദിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം. 13 ന് മറുപടി നല്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചതു സംബന്ധിച്ച വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവു തുക 600000 രൂപ തടസ്സത്തിൽ വയ്ക്കുന്നു. പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-31 പഞ്ചായത്ത്- മേയ് 3,4 തീയതികളിൽ നടത്തിയ ജാഗ്രതോൽസവം- പരിശീലനചെലവിനായി ലഭിച്ച തുക റീക്കൂപ്പ് ചെയ്തതിന്റെ രേഖകളില്ല

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രതിദിന പ്രതിരോധം എന്ന നിലയിലുള്ള പരിശീലന പദ്ധതിയാണ് ജാഗ്രതോൽസവം. നൂറനാട് ഗ്രാമപഞ്ചായത്തിൽ 2018 മേയ് മാസം 3,4 തീയതികളിലായി കുടുംബശ്രീയുടെ ഉത്തരവാദിത്വത്തിലും മേൽ മേൽനോട്ടത്തിലും ജാഗ്രതോൽസവം നടത്തുകയുണ്ടായി. ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും 2 കുടുംബശ്രീ പ്രവർത്തകർ, 3 അദ്ധ്യാപകർ/ റിട്ട.അദ്ധ്യാപകർ എന്നിവരേയും, 2 ആരോഗ്യപ്രവർത്തകരേയും, സാക്ഷരതാ പ്രേരകുമാർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2 ദിവസത്തെ ജാഗ്രതോൽസവ പരിശീലന പദ്ധതി നടത്തുകയുണ്ടായി. പഞ്ചായത്ത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രസ്തുത പരിശീലന പരിപാടിയുടെ റിപ്പോർട്ട് കിലയിലേക്കും ഹരിതകേരളം മിഷനിലേക്കും അയക്കേണ്ടതുമാണ്.

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഈ പരിശീലനയിനത്തിനായി പരമാവധി 15000 രൂപ കിലയിൽ നിന്നും അനുവദിച്ച് തരുന്നതാണ്. (നമ്പർ 2018/101/1498 തീയതി 28.04.2018) ബാക്കി ചെലവാകുന്ന തുക തദ്ദേശ സ്വയംഭരണസ്ഥാപനം സ്വന്തം ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

ജാഗ്രതോൽസവത്തിനായി ഗ്രാമപഞ്ചായത്ത് 15000/-രൂപ ചെലവഴിക്കുകയുണ്ടായി. പരിശീലന പരിപാടിയിൽ പങ്കെടുത്തവർക്ക് ഉച്ചഭക്ഷണം നൽകിയ വകയിൽ "അമ്മ " കുടുംബശ്രീ ഹോട്ടലിനാണ് പ്രസ്തുത തുക നല്കിയത് (ചെക്ക് നമ്പർ 19576/14.05.2018). പരിശീലനപരിപാടികൾ നടത്തുന്നതിന് പഞ്ചായത്ത് കമ്മറ്റി എടുത്ത തീരുമാനങ്ങളുടെ വിശദാംശങ്ങൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. പരിശീനപരിപാടിയിൽ പങ്കെടുത്തവരുടെ അറ്റന്റൻസ് വിവരങ്ങൾ, കിലയിലേക്കും, ഹരിതമിഷനിലേക്കും നല്കിയ റിപ്പോർട്ടിന്റെ പകർപ്പ് ഇവയൊന്നും ചെലവുരേഖകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രസ്തുത രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കുന്നതോടൊപ്പം കിലയിൽ നിന്നും ഫണ്ട് ലഭ്യമായത് റീക്കപ്പ്

ചെയ്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിൽ ചെലവഴിച്ച തുകയായ 15,000/- തടസ്സത്തിൽ വെയ്ക്കുന്നു.

## 1-32 തൊഴിൽ രഹിത വേതനം -എല്ലാ ചെലവുകളും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

തൊഴിൽ രഹിത വേതന വിതരണം സംബന്ധിച്ച എല്ലാ ചെലവുകളും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിതരണം ചെയ്ത തുക | വിതരണം ചെയ്ത തീയതി |
|---|---|
| 6720 | 19-07-2018 |
| 4800 | 20-07-2018 |
| 28 | 21-03-2019 |

ഇത് കൂടാതെ 21-03-19 ൽ തിരിച്ചടച്ച തൊഴിൽ രഹിത വേതനമിനത്തിലുള്ള 16560/- രൂപയുടെ വിശദാംശവും ക്യാഷ് ബുക്കിൽ ചേർത്തിട്ടില്ല. സ്ഥാപനത്തിന്റെ എല്ലാ വരവ്-ചെലവുകളും ക്യാഷ് ബുക്കിൽ ചേർക്കാതിരിക്കുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഓരോ ദിവസവും അവസാനത്തിൽ ക്യാഷ് ബുക്ക് സമ്മറി സാക്ഷ്യപ്പെടുത്തണം എന്ന നിർദ്ദേശം പാലിക്കാത്തതുമൂലമാണ് ഇപ്രകാരം അപാകത സംഭവിക്കുന്നത്. മേൽ അപാകത പരിഹരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-33 ഗുണഭോക്തൃ ലിസ്റ്റ് ശരിയായ രീതിയിൽ തയ്യാറാക്കുന്നില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ലാപ്ടോപ് വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള പ്രോജക്ട് (നം.7/18-19) പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റാത്ത നിരവധി ഗുണഭോക്താക്കൾ ലിസ്റ്റിൽ അവശേഷിക്കുമ്പോൾ ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവർക്ക് ആനുകൂല്യം നല്കിയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഓഡിറ്റ് അന്വേഷണത്തിലൂടെ വിശദാംശം തേടിയിരുന്നു. ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാത്തവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1) വിഷ്ണു. വി.വി., വിഷ്ണു ഭവനം, പഴഞ്ഞിരൂർക്കോണം

2) രാജലക്ഷ്മി. പി., രവീന്ദ്ര ഭവനം, ഐരാണിക്കുടി

3) നന്ദു. യു., തുണ്ടത്തിൽ, ഇരാണിക്കുടി.

4) മിഥുൻ രാജ്, ആന്റെല, പാറ്റൂർ

5) വിജിത. കെ.എസ്., പാറ്റൂർ

6) അൽഫോൺസ പി. ഡിസൂസ, ലില്ലി പുഷ്പാലയം, കിടങ്ങയം.

7) അൽഫോൺസ, ഏലിയാസ് നഗർ, കിടങ്ങയം

ക്രമ നം. 1, 3, 6, 7 എന്നിവയിൽ പറയുന്ന ഗുണഭോക്താക്കളുടെ മാതാപിതാക്കളുടെ പേരാണ് ലിസ്റ്റിലുൾപ്പെടുത്തി യിട്ടുള്ളതെന്ന വസ്തുത മറുപടിയിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം. 2 ൽ പറയുന്ന ഗുണഭോക്താവിന്റെ പേര് തെറ്റായിട്ടാണ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷത്തെ

ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിക്കാത്തതിനാൽ ബാക്കി വന്ന രണ്ട് ലാപ്ടോപ് 2019-20 വർഷത്തിലാണ് ക്രമ നം. 4, 5 എന്നിവയിൽ പറയുന്ന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്തൃ ലിസ്റ്റ് ശരിയായ രീതിയിൽ തയ്യാറാക്കാത്തതുമൂലമാണ് ഇപ്രകാരം അപാകത സംഭവിച്ചിരിക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാർഗ്ഗ രേഖയിൽ ചുവടെ പറയുന്ന കാര്യങ്ങൾ പറയുന്നു.

കേന്ദ്രവും സംസ്ഥാനവും സ്പോൺസർ ചെയ്യുന്ന പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുശാസിക്കുന്ന അർഹതാ മാനദണ്ഡം പാലിക്കേണ്ടതാണ്. അർഹതയ്ക്കും മുൻഗണനയ്ക്കുമുള്ള മാനദണ്ഡങ്ങൾക്ക് വ്യാപകമായ പ്രചാരണം നല്കേണ്ടതാണ്. ഈ മാനദണ്ഡങ്ങൾ അപേക്ഷാ ഫോറത്തിന്റെ അനുബന്ധത്തിൽ പറഞ്ഞിരിക്കണം. യോഗ്യതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും ഗ്രാമ സഭക്ക് വിശദീകരിച്ച് നല്കേണ്ടതാണ്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ ഈ നടപടിക്രമങ്ങൾ പാലിക്കേണ്ടതും പദ്ധതികൾക്കായി വകയിരുത്തുന്ന തുക ഫലവത്തായി ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-34 ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിക്കുന്നതിലുള്ള അപാകതകൾ

നൂറനാട് ഗ്രാമപഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ നിലവിൽ അഞ്ച് (5) ജീവനക്കാർ ജോലി ചെയ്തുവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി ഒരു എൻജീനിയറും, ഒരു ഓവർസിയറും, രണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരും, ടെക്നിക്കൽ അസിസ്റ്റന്റ് പ്രവൃത്തികൾക്ക് ഒരു ജീവനക്കാരിയും എന്ന നിലയ്ക്കാണ് സ്ഥാപനം ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഓരോ വർഷവും പ്രസ്തുത ജീവനക്കാരുടെ കരാർ ദീർഘിപ്പിച്ച് നൽകികൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുന്നതിനാൽ ദീർഘകാലാടിസ്ഥാനത്തിൽ ഏറെക്കുറെ ജീവനക്കാർ തുടർന്നുപോകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | ജോലിയിൽ പ്രവേശിച്ച തീയതിയും വർഷവും |
|---|---|---|---|
| 1 | ആര്യാ അജയൻ | അക്രഡിറ്റഡ് എൻജീനിയർ | 15.05.18 |
| 2 | സൌമ്യ. എസ്. പിള്ള | ഓവർസിയർ | സേവനപുസ്തകം തയ്യാറാക്കിയിട്ടില്ല |
| 3 | സുമ.എ | അക്കൌണ്ടന്റ്/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 05.04.2008 |
| 4 | ശ്രീകുമാരി.എ | അക്കൌണ്ടന്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 16.04.2012 |
| 5 | സൌമ്യ സുനിൽ | ടെക്നിക്കൽ അസിസ്റ്റന്റ് | 12.08.2013 |

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കരാർ ജീവനക്കാരുടെ നിയമനം ഓരോ വർഷവും ദീർഘിപ്പിച്ച് നൽകുന്നതിനാൽ കെ.എസ്.ആർ. ഭാഗം -1 അനുബന്ധം-8 ചട്ടം -1 ൽ പറയുന്ന പ്രകാരം അവധി ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട് എന്ന് വിശദമാക്കുന്നുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (എഐ.ബി-1/344/2016 തീയതി 05.01.2018) ഉത്തരവ് പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് അർഹതയുണ്ടെന്നും ഇത്തരത്തിൽ ആർജ്ജിച്ചെടുത്ത അവധി വിനിയോഗി ച്ചിട്ടുണ്ടെങ്കിൽ ആയത് കുറച്ച് ബാക്കി ഒരു ധനകാര്യവർഷം 30 ൽ കവിയാതെ ആർജ്ജിതാവധി സറണ്ടർ ചെയ്യാവുന്നതും ആണെന്ന് പ്രസ്തുത ഉത്തരവിൽ പറയുന്നുണ്ട്.

ആർജ്ജിതാവധിയുൾപ്പെടെയുള്ള ഇനത്തിലുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളതിനാൽ സേവനപുസ്തകം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ആറ് (6) വർഷക്കാലമായി ജോലിചെയ്ത് വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി ഓവർസിയറായ സൌമ്യ.എസ്.പിള്ളയുടെ സേവനപുസ്തകം നാളിതുവരെ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി അക്കൌണ്ടന്റ്/ഡാറ്റാ എൻട്രി ഓപ്പറേറ്ററായ ശ്രീകുമാരി.എ യുടെ സേവനപുസ്തകത്തിൽ 15.04.2014 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമേ നടത്തിയിയിട്ടുള്ളൂ. ലീവ് അക്കൌണ്ട് ക്രമപ്പെടുത്താതെ തന്നെ 2018-19 സാമ്പത്തികവർഷവും ആർജ്ജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. മറ്റൊരു അക്കൌണ്ടന്റ്/ ഡാറ്റാ എൻട്രി ഓപ്പറേറ്ററായ സുമ. എ. യുടെ സേവനപുസ്തകത്തിൽ ജോലിയിൽ പ്രവേശിച്ച 2008 ന് ശേഷം നാളിതുവരെ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല എന്ന് മാത്രമല്ല ലീവ് അക്കൌണ്ട് എഴുതി തയ്യാറാക്കാതെ 2018-19 സാമ്പത്തികവർഷത്തിലും ആർജ്ജിതാവധി അനുവദിച്ച് നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ സൌമ്യ സുനിലിന്റെ സേവനപുസ്തകത്തിൽ ഏൺഡ് ലീവ് കണക്കാക്കിയിരിക്കുന്നത് 1/22 എന്ന അനുപാതത്തിലാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ (എൈ.ബി-1/344/2016 തീയതി 05.01.2018) ഉത്തരവ് പ്രകാരം 15 ദിവസത്തെ ഡ്യൂട്ടിയ്ക്ക് 1 ആർജ്ജിതാവധി എന്ന നിലയിൽ ഒരു വർഷം പരമാവധി 15 അവധി എന്ന പരിധിയ്ക്ക് വിധേയമായി ആർജ്ജിതാവധിക്ക് മാത്രമേ അർഹതയുള്ളൂ എന്നാണ്. എന്നാൽ ടിയാളുടെ സേവനപുസ്തകത്തിൽ ഏൺഡ് ലീവ് കണക്കാക്കിയിരിക്കുന്നത് താഴെപ്പറയും പ്രകാരമാണ്.

| കാലഘട്ടം | ദിവസങ്ങളുടെ എണ്ണം | ആകെ ആർജ്ജിച്ച അവധി ദിനങ്ങൾ (1/22) |
|---|---|---|
| 12.08.13 -31.03.14 | 237 | 10 (11/12) |
| 01.04.15- 31.03.16 | 365 | 16 (13/22) |
| 01.04.15-31.03.16 | 365 | 16 (13/22) |
| 01.04.16-31.03.17 | 256 (M.L) | 11 (14/22) |
| 01.04.17-31.03.18 | 365 | 16 (13/22) |
| 01.04.18-31.03.19 | 365 | 16 (13/22) |

ഒരു വർഷം ആർജ്ജിക്കാവുന്ന പരമാവധി ദിനങ്ങൾ 15 എന്ന പരിധി ബാധകമാക്കാതെയും, 1/15 എന്ന അനുപാതത്തിൽ വേണം ആർജ്ജിതാവധി കണക്കാക്കേണ്ടത് എന്ന ഉത്തരവും ഇവിടെ പാലിക്കപ്പെടുന്നില്ല. ഇത്തരത്തിൽ ആർജ്ജിതാവധി കണക്കിലെടുത്താൽ ടിയാൾക്ക് അർഹമായതിനേക്കാൾ അവധികൾ അക്കൌണ്ട് ചെയ്യപ്പെടും എന്നത് വ്യക്തമാണ്. സേവനപുസ്തകത്തിലെ മേൽ വിവരിച്ച പ്രകാരമുള്ള അപാകതകൾ പരിശോധനാ ചുമതലയുള്ള ഉദ്യോഗസ്ഥന്റെ അശ്രദ്ധ മൂലമാണ് എന്ന ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ അടിയന്തിരമായി പരിഹരിക്കുന്നതിന് അധികൃതർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-35 മതിയായ പുസ്തകങ്ങൾ ഗ്രാമപഞ്ചായത്ത് വാങ്ങി നൽകാത്തതിനാൽ ശരിയായ ദിശയിൽ ഗ്രന്ഥശാലയുടെ പ്രവർത്തനം നടക്കുന്നില്ല

നൂറനാട് ഗ്രാമപഞ്ചായത്തിലെ പാറ്റൂർ വാർഡിലെ സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലയ്ക്ക് പുസ്തകങ്ങൾ വാങ്ങി നൽകിയിട്ട് വർഷങ്ങൾ പലത് കഴിഞ്ഞു. 2009-10 സാമ്പത്തികവർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 29 പുസ്തകങ്ങൾ വാങ്ങി നൽകിയതൊഴിച്ചാൽ പിന്നീട് നാളിതുവരെ പുസ്തകങ്ങൾ വാങ്ങിക്കൊടുക്കുന്നതിന് ഒരു പ്രോജക്ടും രൂപീകരിച്ച് നിർവ്വഹണം നടത്തിയിട്ടില്ല. സാംസ്കാരിക നിലയങ്ങൾ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ഉചിതമായ പദ്ധതികൾ ആവിഷ്കരിച്ച് ആവശ്യമായ അടിസ്ഥാനസൌകര്യങ്ങൾ നല്കി അവയെ പരിപോഷിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് വിമുഖത കാണിക്കുന്നു.

സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1310 പുസ്തകങ്ങളും 24 റഫറൻസ് ഗ്രന്ഥങ്ങളും മാത്രമേ വായനശാലയ്ക്ക് സ്വന്തമായിട്ടുള്ളു. വളരെ ചുരുക്കം ആനുകാലികപത്രങ്ങളും, മാസികകളും മാത്രമേ പഞ്ചായത്ത് വായനശാലയ്ക്ക് അനുവദിച്ചിട്ടുള്ളു.

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ മുൻകാലങ്ങളിൽ ഒരു വായനശാല പ്രവർത്തിച്ചിരുന്നു. ഈ വായനശാലയുടെ പ്രവർത്തനം നിലച്ചിട്ട് കുറെയേറെ വർഷങ്ങളായി. പ്രസ്തുത വായനശാലയിലെ പുസ്തകങ്ങൾ ഉപയോഗിക്കാതെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന ഒരവസ്ഥയാണ് നിലവിലുള്ളത്. ഗ്രാമപഞ്ചായത്ത് കെട്ടിടത്തിടത്തിലുണ്ടായിരുന്ന വായനശാലയിലെ പുസ്തകങ്ങൾ ഉപയോഗ ശൂന്യമാകാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വായനശാലയ്ക്ക് കൈമാറിയാൽ ഈ അവസ്ഥയ്ക്ക് ഒരു പരിഹാരമാകും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വാർഡിലെ സാംസ്കാരികനിലയത്തിൽ വായനശാലയ്ക്ക് പുറമെ വയോജനങ്ങൾക്കുള്ള പകൽ വീടും പ്രവർത്തിക്കുന്നു. വായനശാലയുടെ പ്രവർത്തന സമയം മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി ക്രമപ്പെടുത്തുന്നതിന് ബൈലോയിൽ മാറ്റം വരുത്തി പകൽ വരുന്ന വയോജനങ്ങൾക്കും പ്രയോജനപ്രദമാക്കുന്നതിനനുസൃതമാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

വായനശാലകളുടെ പ്രവർത്തനത്തിന്മേൽ പഞ്ചായത്തിന്റെ മേൽനോട്ടം ശരിയായി നടക്കാത്തതും വായനശാല കൾക്കാവശ്യമുള്ള പുസ്തകങ്ങളുടെ അഭാവവുമാണ് ഈ നിർജ്ജീവാവസ്ഥയ്ക്ക് കാരണം. ആവശ്യമുള്ള പുസ്തകങ്ങൾ എത്തിച്ച് പ്രവർത്തനത്തിൽ മേൽനോട്ടം നടത്തി വായനശാല പുനരുദ്ധരിക്കുന്നതിന് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ അത്യന്താപേക്ഷിതമാണ്.

## 1-36 ലൈഫ് പദ്ധതി - അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഇതിന്റെ ഒന്നാം ഘടകമാണ് മുൻകാലങ്ങളിൽ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ ആനുകൂല്യം ലഭിക്കുകയും എന്നാൽ പണി പൂർത്തീകരിയ്ക്കുകയും ചെയ്യാത്തവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അർഹമായ ധനസഹായം നൽകി ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുക എന്നത്. ഇ.എം.എസ് ഭവന പദ്ധതി ഗുണഭോക്താവായിരുന്ന ശ്രീ.അനിൽ കുമാർ, ചിഞ്ചു ഭവനം, പാലമേൽ എന്നയാൾക്ക് 2017-18 ൽ ലൈഫ് പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ധനസഹായം അനുവദിച്ച്, വീടുപണി പൂർത്തീകരിച്ചു.

രണ്ടാം ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. ഭൂമിയുള്ള ഭവനരഹിതരായ ജനറൽ, എസ്.സി വിഭാഗങ്ങളിൽപ്പെട്ടതും പഞ്ചായത്ത് നടത്തിയ സർവ്വേ പ്രകാരം അർഹരെന്ന് കണ്ടെത്തിയതുമായ ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം 4 ലക്ഷം രൂപ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്നു. 2018-19 കാലയളവിൽ പദ്ധതിയുടെ രണ്ടാം ഘടകമാണ് പഞ്ചായത്തിൽ നടപ്പാക്കിയത്.

ജനറൽ വിഭാഗത്തിനും എസ്.സി വിഭാഗത്തിനുമായി 2 പ്രോജക്ടുകൾ ലൈഫ് പദ്ധതിയിൽ ആവിഷ്ക്കരിച്ച നടപ്പാക്കി.

1. <u>ലൈഫ് പദ്ധതിയ്ക്കായി 2018-19 കാലയളവിൽ ആകെ ലഭ്യമായതും ചെലവഴിച്ചതുമായ ഫണ്ട്</u>

| | |
|---|---|
| പദ്ധതി വിഹിതം | 6400000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1918665 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1694907 |
| ഹഡ്കോ വായ്പ | 13586428 |
| ആകെ | 23600000 |

2019-20 ൽ ഓഡിറ്റ് കാലയളവ് വരെ (11/2019) ലോൺ വിഹിതമായി 1920000/- രൂപ ലഭിയ്ക്കുകയും ചെലവഴിയ്ക്കുകയും ചെയ്തിട്ടുണ്ട്.

2. <u>2018-19 ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ</u>

ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണങ്ങൾ - --

പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടവരുടെ എണ്ണം- 69

ജനറൽ, എസ്.സി വിഭാഗങ്ങളിലായി പൂർത്തീകരിച്ചവയുടെ എണ്ണം-63

വീട്ടു പണി പൂർത്തീകരിയ്ക്കാനുള്ളവർ - 6

| ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം | | |
|---|---|---|
| ഗുണഭോക്താവിന്റെ പേര് | നിർമ്മാണ ഘട്ടം | നല്കിയിട്ടുള്ള തുക |
| പ്രമീള, മിസ്പ കോട്ടേജ്, വാർഡ് - 4 | ലിന്റൽ | 2,20,000 |
| അനിൽ കുമാരി, വലിയതട്ടയ്ക്കാട്ട് കിഴക്കേതിൽ, വാർഡ് - 5 | ഫൗണ്ടേഷൻ | 2,00,000 |
| സുലത. ബി, വർണ്ണം ഹൗസ്, വാർഡ് - 4 | ലിന്റൽ | 3,00,000 |
| ബിജു കണിയുടെ പടീറ്റതിൽ, വാർഡ് - 15 | ലിന്റൽ | 3,00,000 |

| പ്രവൃത്തി ആരംഭിക്കാത്തവരെ സംബന്ധിച്ച വിവരം | |
|---|---|
| | |

| | |
|---|---|
| ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക |
| രതി, വിശാഖ് ഭവനം, വാർഡ് - 3 | 40000 (അഡ്വാൻസ് ) |
| അനിതാ അനിൽകുമാർ, ആവണി ഭവനം, വാർഡ് - 15 | 40000 (അഡ്വാൻസ് ) |

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുവാനുള്ളവർക്ക് അർഹമായ എല്ലാ സഹായങ്ങളും ചെയ്ത് പദ്ധതി ലക്ഷ്യം കൈവരിയ്ക്കേണ്ടതും, ഭവന നിർമ്മാണം ആരംഭിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതുമാണ് .

[പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള ലൈഫ് പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നല്കിയ വിവരങ്ങൾ (ഓഡിറ്റ് അന്വേഷണം നം.2/05.11.19) പ്രകാരം തയ്യാറാക്കിയത്].

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വാടക-നടപടിക്രമങ്ങൾ വൈകുന്നു-കുടിശ്ശിക ഈടാക്കുന്നതിലും കാര്യക്ഷമത പുലർത്തുന്നില്ല

നൂറനാട് ഗ്രാമപഞ്ചായത്തിൽ രണ്ട് ഷോപ്പിങ്ങ് കോംപ്ലക്സുകളിലായി ആകെ 42 കടമുറികൾ നിലവിലുണ്ട്. കുതിരകെട്ടുംതടം ഷോപ്പിങ്ങ് കോംപ്ലക്സിൽ 14 കടമുറികളും, പടനിലം, ഷോപ്പിങ്ങ് കോംപ്ലക്സിൽ 28 കടമുറികളുമാണ് ഉള്ളത്. ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വാടകയിനത്തിൽ 2017-18 സാമ്പത്തികവർഷം 62,580/- രൂപ കുടിശ്ശിക ഉണ്ടായിരുന്നതിൽ 2018-19 സാമ്പത്തിക വർഷം 39324/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. കുടിശ്ശിക ഇനത്തിൽ ഇപ്പോഴും 23,256/- രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നു. രജിസ്റ്റർ പ്രകാരമുള്ള തുക യഥാർത്ഥ വാടകത്തുകയിൽ നിന്നും 199/- രൂപ കുറവ് കാണിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പടനിലം ഷോപ്പിങ്ങ് കോംപ്ലക്സിലെ (വാർഡ് IV/ 584 നമ്പറിലുള്ള മുറി 4691/- രൂപ പ്രതിമാസ വാടക നിശ്ചയിച്ച് സ്വരാജ്, വേണാട് ഭവൻ, പടനിലം എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടിയാൾ ഇതുസംബന്ധമായി കരാർ ചമച്ചതിന് രേഖയില്ല. വാടകക്കാരിൽ നിന്നും 3 മാസത്തെ വാടക മുൻകൂറായി വാങ്ങി മുറികൾ കൊടുക്കുന്ന നടപടിയാണ് നിലവിൽ പഞ്ചായത്ത് അധികൃതർ സ്വീകരിച്ചുവരുന്നത്. രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ടിയാളിൽ നിന്ന് മുൻകൂറായി പണം വാങ്ങിയതായി രേഖയില്ല. വാടകയ്ക്ക് മുറികൾ നല്കുമ്പോൾ അഡ്വാൻസ് സ്വീകരിക്കാതിരുന്നത് തെറ്റായ നടപടിക്രമമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഒരു വർഷം വാടകഇനത്തിൽ ടിയാൾ നല്കേണ്ടത് 56292/-രൂപയാണ്. എന്നാൽ വാടക ഒന്നും അടയ്ക്കാതിരുന്നതിനാൽ ടിയാൾക്ക് ഗ്രാമപഞ്ചായത്ത് 03.02.2018 - ൽ നല്കിയ നമ്പർ സി-6-509/18 നമ്പർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ 05.04.2018 ൽ രസീത് നമ്പർ 118020100121/18 പ്രകാരം 17169/- (2017 ഏപ്രിൽ മുതൽ ജൂൺ വരെയുള്ളത്) രൂപയും 05.06.2018 - ൽ രസീത് നമ്പർ 118020101457/18 പ്രകാരം 22905/- (2017ജൂലായ് മുതൽ ഒക്ടോബർ വരെയുള്ളത്) രൂപയും പിഴ പലിശയുൾപ്പടെ അടച്ചു. 2017 നവംബർ മുതൽ 2018 മാർച്ച് വരെയുള്ള മാസങ്ങളിലെ വാടക തുകയായ 23,455/- രൂപയും പിഴപ്പലിശയും ഇനിയും ഒടുക്കാനുണ്ട്. വരവിനത്തിൽ ലഭ്യമാകേണ്ട 23,455/- രൂപ പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

പടനിലം ഷോപ്പിങ്ങ്കോപ്ലക്സിലെ (വാർഡ് IV/584 നമ്പറിലുള്ള മുറിയുടെ 2018-19 വർഷത്തേക്കുള്ള പുനർലേലം നടത്തിയത് 2018 ജൂലായ് മാസത്തിലാണ്. സാമ്പത്തികവർഷത്തിന്റെ തുടക്കത്തിൽ ലേല,

വാടക നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അധികൃതർ നടപടി സ്വീകരിച്ചില്ല എന്നതിനാലാണ് കാലതാമസം ഉണ്ടാവാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വാടകനഷ്ടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 തൊഴിലുറപ്പ് പദ്ധതി - ഒരേ കാലയളവിൽ നടപ്പാക്കിയ ഒരേയിനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് - 30,403/- രൂപയുടെ അധികച്ചെലവ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 7-ാം വാർഡിലെ ജല സംരക്ഷണ പ്രവൃത്തികൾക്കായി 2,39,919/- രൂപ അടങ്കലിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. തട്ടുതിരിക്കൽ, ജൈവവേലി, ഇടബണ്ട്, തീറ്റപ്പുൽ കൃഷി എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റിന് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ 30.04.2018-ൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 12.06.2018 മുതൽ 10.07.2018 വരെ തീയതികളിലായി നടന്ന പ്രവൃത്തിക്ക് 2,37,374/-രൂപ മൂല്യനിർണ്ണയം നടത്തി 2,32,375/-രൂപ പിൻവലിച്ചിട്ടുണ്ട്.

**<u>പിൻവലിച്ച തുകയുടെ വിശദാംശം</u>**

| FTO നമ്പർ/തീയതി | |
|---|---|
| 88880 | 25.06.2018 |
| 88885 | |
| 95725 | 30.06.2018 |
| 95754 | |
| 119406 | 16.07.2018 |
| 119449 | |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇടബണ്ട് നിർമ്മാണത്തിനായുള്ള "Earth Work Excavation in ordinary rock and depositing on banks with initial lead up to 50m and lift up to 1.5m including near banking etc." എന്ന ഇനത്തിന് (Specification code: 80-22) 317.75/$m^3$ നിരക്കിൽ 162 $m^3$ -ന് 51,476/-രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തി ഇതേ അളവിൽ നിർവ്വഹിച്ചതായി കാണിച്ച് 51,476/-രൂപ പിൻവലിച്ചിട്ടും ഉണ്ട്. (അളവു പുസ്തക നം. 15/18-19/പേജ് 21). എന്നാൽ പഞ്ചായത്തിന്റെ മറ്റു വാർഡുകളിൽ ഇതേ കാലയളവിൽ നടപ്പാക്കിയ ഇതേയിനം പ്രവൃത്തികളിൽ ഇടബണ്ട നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ളതും, പിൻവലിച്ചിട്ടുള്ളതും 130.08/$m^3$ നിരക്കിലാണ് (specification code: 80.23).

ഉദാ: 1) ജലസംരക്ഷണ പ്രവൃത്തി വാർഡ് (1) – 160 $m^3$@130.08/$m^3$

2) ജലസംരക്ഷണ പ്രവൃത്തി വാർഡ് (15) – 2400 $m^3$@130.08/$m^3$

ഈ പ്രവൃത്തികളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതും നിർവ്വഹണം നടത്തിയിട്ടുള്ളതും ഒരേ കാലയളവിലാണ്. എല്ലാ പ്രവൃത്തികൾക്കും അസിസ്റ്റന്റ് എൻജിനീയർ സാങ്കേതികാനുമതി നൽകിയിട്ടുള്ളത് 30.04.2018-ൽ ആണ്. അപ്രകാരം ഒരേ കാലയളവിൽ സാങ്കേതികാനുമതി ലഭിച്ചതും, നടപ്പാക്കിയതുമായ ഒരേ ഇനം പ്രവൃത്തിക്ക് വ്യത്യസ്ത നിരക്ക് അനുവദിക്കുകവഴി 30,403/-രൂപയുടെ അധികച്ചെലവാണ് ഉണ്ടായത് (162x317.75-162x130.08). ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 11/11.11.19) പ്രവൃത്തിയിലുണ്ടായ ഈ അപാകത ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയപ്പോൾ മാത്രമാണ് ശ്രദ്ധയിൽപെട്ടതെന്നും, എസ്റ്റിമേറ്റ് തയ്യാറാക്കിയ അക്രഡിറ്റഡ് എൻജിനീയറേയും, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എൻജിനീയറേയും ഓഡിറ്റ് എൻക്വയറിയിലെ വിവരം രേഖാമൂലം അറിയിച്ചിട്ടുള്ളതായും മറുപടി ലഭിച്ചാലുടൻ തുടർനടപടി സ്വീകരിച്ചുകൊള്ളാമെന്നും സെക്രട്ടറിയും, നിലവിലെ അക്രഡിറ്റഡ് എൻജിനീയറും മറുപടി നൽകി. അധികചെലവായ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അക്രഡിറ്റഡ് എൻജിനീയറിൽ നിന്നും, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും തുല്യമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(അക്രഡിറ്റഡ് എഞ്ചിനീയർ ജോലിയിൽ നിന്നും വിടുതൽ ചെയ്തതിനാൽ ടിയാളിൽ നിന്നും ബാധ്യതാ തുക ഈടാക്കി തിരിച്ചടക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്).

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ടു വിവരം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി (ജനറൽ) | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | പാലിന് സബ്സിഡി (വനിത) | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 149925 | 75 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 120000 | നെൽകൃഷി വികസനം (എസ്.സി) | 120000 | |
| ബ്ലോക്ക് | 2018-19 | 2296000 | നെൽകൃഷി വികസനം | 2296000 | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | (ജനറൽ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 980990 | ലൈഫ് (ജനറൽ) | 980990 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 937675 | ലൈഫ്(എസ്.സി) | 937675 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | വയോജനവാടി | 0 | 500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 12000 | ശിശുസൌഹാർദ്ദ ടോയ്‌ലെറ്റ് | 0 | 12000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | അനുപൂരക പോഷകാഹാരം | 98000 | 2000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 403924 | നെൽകൃഷി വികസനം | 403924 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 570847 | ലൈഫ് ജനറൽ | 570847 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1124060 | ലൈഫ് (എസ്.സി) | 1124060 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 150000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 149925 | 75 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 580000 | അംഗൻവാടി കെട്ടിടം | 0 | 580000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1100000 | ആശ്രയ പദ്ധതി | 0 | 1100000 |
| **ആകെ** | | **9425496** | | **7231346** | **2194150** |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | U00000055484670 | 600000 | - | 600000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | | 1482788 | | 1482788 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പായിനത്തിൽ 13587116/- രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 13587116/- രൂപയിൽ 13586428/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകകളുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2278/LSGD, Dtd.18.08.18 | 13587116 | 0 | 0 | 0 | 13587116 |

## 4-5 സ്ഥിരനിക്ഷേപം-

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ ലഭിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ |
|---|---|---|---|---|
| 2002-03 | 7 | 15 | - | 118020101289 |
| 2002-03 | 5 | 10 | - | 118020101290 |
| 2014-15 | 3(4) | 3332 | കനകമ്മ | 118020100754 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 134 | 2003-2004 | 1 | അഡ്വാൻസ് തിരികെ വാങ്ങുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു |
| 1999-2000 | 37 | 2003-2004 | 2 | മോട്ടോർ വാങ്ങി ഉപയോഗിക്കാത്ത ചെലവ് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിക്ക് മറുപടി സമർപ്പിച്ചു. |
| 1999-2000 | 17(1),(2) | 2003-2004 | 3 | അനാവശ്യമായി നല്കിയ കാർ വാടക | |
| 2006-07 | 2-22 | 2006-07 | 3.28.1 | ജലസേചനസൗകര്യം മെച്ചപ്പെടുത്തുന്ന തിനുള്ള തുക പാഴാക്കിയത് സംബന്ധിച്ച് | ആലപ്പുഴ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.6 | ഗ്രാമസഭാനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |
| 2011-12 | | 2011-12 | 3.2.10 | റോഡ് ചെയിനേജ് നടപ്പാക്കൽ സർക്കാർ ഉത്തരവ് പാലിക്കുന്നില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് മറുപടി സമർപ്പിച്ചു |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

<u>**ചാർജ്ജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക**</u>

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) |
|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 2002-03 | 2-7 | | | 15 | 118020101289/28.05.18 |
| 2 | 2002-03 | 2-5 | | | 10 | 118020101290 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 2014-15 | 3-4 | കനകമ്മ | | 3332 | 118020100754 |
| | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104907305 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81902021 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 23455 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30403 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2718375 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 23455 | - | ശ്രീ.സലിൽ. എ. സോണി, സെക്രട്ടറി |
| 3-1 | | 15202 | ഷംല.എം.എസ്, അസിസ്റ്റന്റ് എൻജിനിയർ |
| | | 15201 | നിമ്മി ദിലീപ്, അക്രഡിറ്റഡ് എൻജിനിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയുടെ പേരുവിവരം |
|---|---|---|
| 1-26 | 5,50,000 | ഡോ. രഞ്ജിഷ് രാജ്. ആർ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1-27 | 14,82,788 | ശ്രീ. എ. ഷിഹാബുദീൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-28 | 70,587 | ഡോ. സിമി, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| 1-30 | 6,00,000 | ശ്രീ. എ. ഷിഹാബുദീൻ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 1-31 | 15,000 | ശ്രീ. സലിൽ.എ.സോണി, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നം. | തുക | ഉത്തരവാദിയുടെ പേരുവിവരം |
|---|---|---|
| 1-22(4) | 231029 | ശ്രീ. എ. ഷിഹാബുദീൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിമ്മി ദിലീപ്, അക്രഡിറ്റഡ് എൻജിനിയർ |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷംല.എം.എസ്, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് | കവടിയാർ ഗാർഡൻ, B-57 കവടിയാർ, തിരുവനന്തപുരം |
| ശ്രീ.സലിൽ.എ.സോണി, സെക്രട്ടറി | ലഭ്യമല്ല | കാർത്തിക, മുടവൂർപാറ, പള്ളിക്കൽ, ബാലരാമപുരം, തിരുവനന്തപുരം |
| നിമ്മി ദിലീപ്, അക്രഡിറ്റഡ് എഞ്ചിനീയർ | വിടുതൽ ചെയ്തു | സിത്താര, പാറ്റൂർ പി.ഒ, പുലിമേൽ, ആലപ്പുഴ |
| ഡോ. സിമി, മെഡിക്കൽ ഓഫീസർ (അലോപ്പതി) | പി.എച്ച്.സി.നൂറനാട് | വസന്ത വിലാസം, ചേന്നൻ കോഡ്, വടശ്ശേരിക്കോണം.പി.ഒ., വർക്കല. |
| ഡോ. രഞ്ജിഷ് രാജ്. ആർ മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഗവ.ആയുർവ്വേദ ഡിസ്പെൻസറി, നൂറനാട് | രാജധാനി, തെങ്ങമം.പി.ഒ, അടൂർ, പത്തനംതിട്ട |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 മുതൽ 2001-02 വരെ | എൽ.എഫ്.ജി.എ5/1832/11/തീയതി: |
| 2002-03 മുതൽ 2005-06 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2006-07 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5/1577/13/തീയതി:20.05.2014 |
| 2010-11, 2011-12 | എൽ.എഫ്.എ.പി.6/189/14 തീയതി: |
| 2012-13 | എൽ.എഫ്.എ.പി.6/142/15 തീയതി:30.06.2015 |
| 2013-14 | എൽ.എഫ്.എ.പി.6/218/15 തീയതി:26.03.2016 |
| 2014-15 | എൽ.എഫ്.എ.പി.6/840/16 തീയതി:30.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി./പി-/55/2017/25.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി./പി-6/1384 /2017/13.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി./പി-6/1676 /2018/ 05.12.2018 |

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം.1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും നൂറനാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ | സംക്ഷിപ്തം (Audited Abstract) |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്